Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 മെയ് 2017

Volume No.3 • Issue No. 5 • Pages 8 • Price: INR 10/- • Published From Pathanamthitta

## ദുഃഖ വെള്ളിയാഴ്ച ഡിജിറ്റൽ ഇന്ത്യ ദിനമായി ആചരിക്കാനാവില്ല

കൊഹിമ: കാൽവരിയിലെ ക്രിസ്തുവിന്റെ മരണത്തെ അനുസ്മരിക്കുന്ന ദുഃഖ വെള്ളിയാഴ്ച ഡിജിറ്റൽ ഇന്ത്യ ദിനമായി ആചരിക്കണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശത്തെ അപലപിച്ചു മേഘാലയ സർക്കാർ. ദുഃഖ വെള്ളിയാഴ്ച ക്രിസ്ത്യാനികൾക്കു പ്രധാനപ്പെട്ട ദിവസമാണെന്നും രാജ്യത്തിന്റെ മതനിരപേക്ഷതയെ ബാധിക്കുന്ന തരത്തിലുള്ള പരിപാടികളെ മേഘാലയ സർക്കാർ പ്രോൽസാഹിപ്പിക്കില്ലെന്നും മുഖ്യമന്ത്രി മുകുൾ സാങ്മ പ്രസ്താവനയിറക്കി. വിഷയവുമായി ബന്ധപ്പെട്ടുള്ള തന്റെ ആശങ്ക പ്രധാനമന്ത്രി നരേന്ദ്രമോദിയോട് പങ്കുവെച്ചിട്ടുണ്ടെന്നും, അനുകൂലമായ നടപടി കൈകൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ വിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതേ സമയം വിഷയത്തിലുള്ള എതിർപ്പ് കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയെ സംസ്ഥാനം ഔദ്യോഗികമായി അറിയിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം മേഘാലയയിലെ മുഴുവൻ ജനസംഖ്യയുടെ 75 ശതമാനവും ക്രൈസ്തവരാണ്. അയൽ സംസ്ഥാനങ്ങളായ മിസോറാം, നാഗാലാൻറ്, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലും ശക്തമായ ക്രൈസ്തവ സാന്നിധ്യമാണുള്ളത്. നേരത്തെ ക്രിസ്തുമസ് ദിനത്തിൽ മുൻപ്രധാനമന്ത്രി എബി വാജ്പേയിയുടെയും ഹിന്ദു മഹാസഭ നേതാവ് മദൻമോഹൻ മാളവ്യയുടെയും ജന്മദിനമായി ആഘോഷിക്കണമെന്നാവശ്യപ്പെട്ട് സിബിഎസ്ഇ സ്കൂളുകൾക്ക് കേന്ദ്രസർക്കാർ നിർദേശം നൽകിയത് വൻപ്രതിഷേധത്തിന് വഴി തെളിയിച്ചിരിന്നു. ''സദ്ഭരണ ദിനം'' എന്ന പേരിൽ ഡിസംബർ 25 ആഘോഷിക്കണമെന്നാണ് അന്ന് നിർദേശം നൽകിയത്.

## വാർഷിക കൺവൻഷനും മ്യൂസിക് ഫെസ്റ്റും

മല്ലപ്പള്ളി: 14-ാമത് മല്ലപ്പള്ളി യു.പി.എഫ് വാർഷിക കൺവൻഷനും മ്യൂസിക് ഫെസ്റ്റും മെയ് 12, 13, 14 തീയ തിയകളിൽ മല്ലപ്പള്ളി മങ്കുഴിപ്പടി തോപ്പിൽ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ റ്റി. വി. പോത്തൻ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് ബാബു ചെറിയാൻ, പി.സി. ചെറിയാൻ, രാജു മേത്ര എന്നിവർ പ്രസംഗിക്കും.

ഡോ. ബ്ലസൻ മേമന, പെർസിസ് ജോൺ എന്നിവർ എല്ലാ ദിവസവും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ചെങ്ങന്നൂർ യേശുദാസ് ജോർജ്ജ് ഓർക്കസ്ട്രാ ഒരുക്കും. 13 ശനിയാഴ്ച രാവിലെ 10 ന് സഹോദരീ സമ്മേളനത്തിൽ സിസ്റ്റർ പെർസിസ് ജോൺ ശുശ്രൂഷിക്കും. പാസ്റ്റർ കെ. വി. ചാക്കോ (ചെയർമാൻ) പാസ്റ്റേഴ്സ് എ. ജോർജ്ജുകുട്ടി, ഏബ്രഹാം കുര്യാക്കോസ് (ജനറൽ കൺവീനേഴ്സ്), എം. എ. ഫിലിപ്പ് (ഫിനാൻസ്), പാസ്റ്റേഴ്സ് ജിജി എം, തോമസ് ജോസഫ് (പബ്ലിസിറ്റി) എന്നിവരുടെ നേതൃത്വത്തിലുള്ള 60 അംഗ കമ്മിറ്റി വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. ജനറൽ സെക്രട്ടറി പാസ്റ്റർ സാം പി. ജോസഫ്, ട്രഷറാർ ബെന്നി കൊച്ചുവടക്കേൽ.

## തെരഞ്ഞെടുത്തു



പാസ്റ്റർ പി. ബേബി

എറണാകുളം: അസ്സംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൗൺസിൽ ഉത്തര മേഖല ഡയറക്റ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ പി. ബേബി, ചാലക്കുടി, എറണാകുളം ഈസ്റ്റ് സെക്ഷനുകളുടെ പ്രസ്ബിറ്ററായും സേവനം അനുഷ്ഠിച്ചിട്ട്. ത്രിപൂണിത്തുറയിൽ പുതിയ പ്രവർത്തനത്തിൽ ആയിരിക്കുന്ന ഇദ്ദേഹം എ. ജി. യുടെ ചാരിറ്റി കൺവീനറായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## അഖിലേന്ത്യ പെന്തെക്കോസ്തു ഐക്യവേദി വാർഷിക സമ്മേളനം

തിരുവനന്തപുരം: അഖിലേന്ത്യാ പെന്തെക്കോസ്തു ഐക്യവേദിയുടെ വാർഷിക സമ്മേളനവും സുവിശേഷ റാലിയും മെയ് 15 തിങ്കളാഴ്ച തിരുവനന്തപുരം പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ നടക്കും. അഖിലേന്ത്യാ പെന്തെക്കോസ്തു ഐക്യവേദി ജനറൽ സെക്രട്ടറി പാസ്റ്റർ കെ. പി. ശശി സമ്മേളനം ഉത്ഘാടനം ചെയ്യും. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുഖ്യാതിഥിയായിരിക്കും. എ.പി.എ. നാഷണൽ പ്രസിഡന്റ് പാസ്റ്റർ ബിജു ഡൊമനിക് അദ്ധ്യക്ഷത വഹിക്കും.



ശ്രീ. പിണറായി വിജയൻ

വിശിഷ്ട സേവനം നിർവ്വഹിച്ചവർക്ക് ബഹു. മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പുരസ്ക്കാരങ്ങൾ സമ്മാനിക്കും. പാസ്റ്റർ കെ.ഒ. തോമസ് മുഖ്യ പ്രഭാഷണം നടത്തും. ജനപ്രതിനിധികൾ സഭാ നേതാക്കന്മാർ രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസംഗിക്കും.

സമ്മേളനത്തിന്റെ മുന്നോടിയായി മെയ് 14 നു വഴയില ജംഗ്ഷനിൽ നിന്നും സുവിശേഷ റാലി നടക്കും. പാസ്റ്റർ ജെസ്റ്റിൻ ജോസ് ജനറൽ കൺവീനറായ വിപുലമായ കമ്മിറ്റി സമ്മേളനത്തിനു നേതൃത്വം നൽകുന്നു.

## ഏറ്റവും കരുത്തുറ്റ രാജ്യങ്ങളിൽ ഇന്ത്യ വളരെ മുന്നിൽ

വാഷിംഗ്ടൺ: ലോകത്തെ ഏറ്റവും കരുത്തുറ്റ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ പതിനാറാം സ്ഥാനത്ത്. ലോകത്തെ ഏറ്റവും മികച്ച രാജ്യങ്ങളുടെ പട്ടികയിൽ ഇരുപത്തിയഞ്ചാം സ്ഥാനവും ഇന്ത്യ കരസ്ഥമാക്കി.വരും വർഷങ്ങളിൽ ഇന്ത്യ നില കൂടുതൽ മെച്ചപ്പെടുത്താൻ സാധ്യത വളരെ കൂടുതലാണെന്നാണ് ന്യൂസ് ആൻഡ് വേൾഡ് അധികൃതർ ചൂണ്ടി കാട്ടുന്നത്. അമേരിക്കൻ ന്യൂസ് ആൻഡ് വേൾഡ് പുറത്ത് വിട്ടതാണ് ഈ റിപ്പോർട്ട്.

ലോകത്തിലെ ഏറ്റവും കരുത്തൻ അമേരിക്കയും റഷ്യ രണ്ടാമനും ആണ്. 2016 റിപ്പോർട്ട് പ്രകാരം എല്ലാ മേഖലയിലും പിന്നിലായിരുന്നു റഷ്യ മുന്നിലെത്തിയത് അമ്പരപ്പിക്കുന്നതായി. ലോകത്തെ ഏറ്റവും മികച്ച രാജ്യങ്ങളിൽ ഒന്നാം സ്ഥാനം സ്വിറ്റ്സർലാൻഡിനാണ്. അമേരിക്കക്ക് ഏഴാം സ്ഥാനം കൊണ്ട് തൃപ്തി പെടേണ്ടി വന്നു. സ്വിറ്റ്സർലൻഡ്, കാനഡ, ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങൾ ലോകത്തെ ഏറ്റവും മികച്ച രാജ്യങ്ങളുടെ പട്ടികയിൽ മുന്നിലെത്തി.

## യുകെ, അയർലൻഡ് കൺവൻഷൻ നടത്തപ്പെട്ടു

മാഞ്ചസ്റ്റർ: ഈ വർഷത്തെ ഓഫ് ഗോഡ് യുകെ-അയർലൻഡ് കൺവൻഷൻ 2017 മാർച്ച് 25 നു മാഞ്ചസ്റ്ററിൽ നടത്തപ്പെട്ടു. മുഖ്യപ്രസംഗകൻ ഫ്‌ളോറിഡയിൽ നിന്നും പാസ്റ്റർ റെജി ഫിലിപ്പ് ആയിരുന്നു. അനേക ദൈവമക്കളും ദൈവദാസന്മാരും യോഗത്തിൽ പങ്കെടുത്തു. ഗാനശുശ്രൂഷകൾക്ക് Angel of North നേതൃത്വം നൽകി. ദൈവദാസന്മാരായ സന്തോഷ്, ബിജു ചെറിയാൻ എന്നിവർ യോഗങ്ങൾക്ക് നേതൃത്വം കൊടുത്തു.

## അമേരിക്കൻ സംസ്ഥാനത്ത് ബൈബിൾ ഔദ്യോഗിക ഗ്രന്ഥമാക്കാൻ ബിൽ

ചാൾസ്റ്റൻ: അമേരിക്കയിലെ വെസ്റ്റ് വിർജീനിയ സംസ്ഥാനത്തിൽ വിശുദ്ധ ബൈബിൾ ഔദ്യോഗിക ഗ്രന്ഥമാക്കാൻ വേണ്ട നടപടികൾക്ക് നിയമജ്ഞർ തുടക്കമിട്ടു. 1931-ലെ നിയമം ഭേദഗതി ചെയ്യാൻ വേണ്ടി 'ഹൗസ് ബിൽ 2568' എന്ന ബില്ലാണ് നിയമസഭയിൽ അവതരിപ്പിച്ചത്. നിയമഭേദഗതി പാസ്സായാൽ വെസ്റ്റ് വിർജീനിയ സംസ്ഥാനത്ത് ബൈബിൾ ഔദ്യോഗിക ഗ്രന്ഥമാകും.

നിയമസഭാംഗമായ ജെഫ് എൽറിഡ്ജാണ് ബില്ല് സഭയിൽ അവതരിപ്പിച്ചത്. മറ്റ് നിയമസഭാംഗങ്ങളായ റൊഡിഗിറൊ, മെയ്നാർഡ്, മില്ലർ, മാർക്കും, വൈറ്റ്, ഹിക്ക്സ്, സ്റ്റോർച്ച്, ഹാമിൽട്ടൻ, ഡീൻ, വെസ്റ്റ്ഫാൾ എന്നിവർ ബില്ലിനെ പിൻതാങ്ങി. ജുഡീഷ്യറി കമ്മിറ്റിക്കു മുമ്പാകെയാണ് ബിൽ സമർപ്പിച്ചിരിക്കുന്നത്.

ദൈവവിശ്വാസം തള്ളികളഞ്ഞു നിരീശ്വരപ്രസ്ഥാനങ്ങൾക്കും ഭൗതീകവാദത്തിനും ഏറെ പ്രധാന്യം കൊടുത്ത അമേരിക്കൻ ജനത ശക്തമായ ക്രൈസ്തവ വിശ്വാസത്തിലേക്ക് മടങ്ങിവരുന്നുവെന്ന സൂചനയാണ് പുതിയ ബിൽ നൽകുന്നത്.

## പി.വൈ.സി. മേഖലാ സമ്മേനങ്ങൾ

തിരുവല്ല: പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജന വിഭാഗമായ പി.വൈ.സിയുടെ മേഖലാ സമ്മേളനങ്ങൾ പട്ടം പ്ലാമൂട് എ.ജി. സഭയിൽ മെയ് 8 നും പാലാരിവട്ടം ചർച്ച് ഓഫ് ഗോഡ് സെന്ററിൽ മെയ് 17 നും കോഴിക്കോട് ട്രിനിറ്റി എ.ജി സഭയിൽ മെയ് 23 നും നടത്തപ്പെടും. സമ്മേളനത്തിൽ മേഖലാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതായിരിക്കും. പ്രസിഡന്റ് ലിജോ കെ.ജോസഫ്, സെക്രട്ടറി ബ്ലെസി മലയിൽ, ട്രഷറാർ ജിനു വർഗീസ് എന്നിവർ നേതൃത്വം നൽകും.

2 വിവേകമില്ലാത്ത മനുഷ്യർ നാടിന് ശാപം — സന്തോഷ് പന്തളം
2 ജീവിതലക്ഷ്യം ദൈവഹിതപ്രകാരമായിരിക്കട്ടെ! — ഷെറിൻ ഷേർളി സന്തോഷ്
3 മക്കളെ ചൊല്ലി കരയുക! — ജെ. പി. വെണ്ണിക്കുളം
4 CHRISTIAN LEADERS WITH INVINCIBLE POWER! — James Koshy Geroge
7 സി.ബി.എസ്.ഇ. എക്സാം — ഡഗ്ലസ് ജോസഫ്

**LANDWAY NEWS**

**EDITORIAL BOARD**
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

# ഓർക്കുക! വിവേകമില്ലാത്ത മനുഷ്യർ നാടിന് ശാപം

> നിയമപരമായി രേഖകൾ അതാത് എംബസിയിൽ കൊടുത്ത് അത് അധികാരികൾക്ക് ബോധ്യമായതിന് ശേഷമാണ് വിദേശികളെ അവിടെ നിന്നും ഇന്ത്യയിലേക്ക് കടത്തിവിടുന്നത് എന്നതാണ് നിയമം.

കഴിഞ്ഞ ദിവസം ഗോവ കാണാൻ വന്നിരുന്ന വിദേശിയായ ഒരു വനിതയെയും കൂടെയുള്ളവരെയും പരസ്യമായി മർദ്ദിക്കുന്ന ഇന്ത്യക്കാരുടെ വീഡിയോ ലോകജനതകൾ വൈറലായി ഇപ്പോൾ കണ്ടുകൊണ്ടിരി ക്കുകയാണല്ലോ. ഇന്ത്യയുടെ ടൂറിസ്റ്റ് മാപ്പുകളിൽ അറിയപ്പെടുന്ന ഒരു സ്ഥലമാണ് ഗോവ. ഇന്ത്യയുടെ വരുമാന മാർഗ്ഗങ്ങളിൽ എടുത്തുപറയാൻ കഴിയുന്ന സാമ്പത്തിക നേട്ടം ടൂറിസ്സം തന്നെയാണെന്ന് പറയാതെ തന്നെ എല്ലാവർക്കും അറിയാം. ടൂറിസത്തിന് വേണ്ടി മറ്റുരാജ്യങ്ങളിലെ ജനങ്ങളെ ഇന്ത്യാ ഗവൺമെന്റ് തന്നെ മാടി വിളിച്ചുവരുത്തുന്നു. ഇങ്ങനെ വരുന്നവർ ആരും കള്ളവിസയിലോ നുഴഞ്ഞുകയറി വന്നവരോ അല്ല. നിയമപരമായി രേഖകൾ അതാത് എംബസിയിൽ കൊടുത്ത് അത് അധികാരികൾക്ക് ബോധ്യമായതിന് ശേഷമാണ് വിദേശികളെ അവിടെ നിന്നും ഇന്ത്യയിലേക്ക് കടത്തിവിടുന്നത് എന്നതാണ് നിയമം.

ഗോവയിൽ വന്ന വിദേശികളുടെ ബാഗ് കരയ്ക്ക് വച്ചിട്ട് കടലിൽ കുളിക്കുമ്പോൾ നമ്മുടെ സമൂഹത്തിൽ കെട്ടിവളർത്തേണ്ട പശുവോ കാളയോ വന്ന് കടിച്ചു കീറുന്നു. ബാഗിന്റെ ഉടമസ്ഥർ അത് നോക്കി നിൽക്കുമോ? ഈ വിഷയത്തോടുള്ള ബന്ധത്തിൽ നമ്മളാണെങ്കിൽ എന്താണ് ചെയ്യുന്നതെന്ന് സ്വബുദ്ധിയിൽ ചിന്തിക്കാവുന്നതേയുള്ളു. ആരായാലും അതിനെ ഓടിക്കും പശുവിനോട് പോകാൻ വാക്ക്കൊണ്ടുപറഞ്ഞാൽ ഭാഷ അറിയാത്ത പശു തിരിഞ്ഞു പേകുമോ? മൃഗത്തിന് മനുഷ്യന്റെ ഭാഷ അറിയാത്തതിനാൽ അതിന്റെ ശരീര ത്തിൽ ഒരു അടികൊടുത്തിട്ടു വിരട്ടിയാൽ അത് തിരിഞ്ഞ് പോകും. വിദേശികൾ പശുവിനെ വിരട്ടി ഓടിക്കുന്ന കാഴ്ചയാണ് നമുക്ക് വൈറലായ വീഡിയോയിൽ കാണാൻ കഴിയുന്നത്.

ഈ സമയം ഗോവാ കടൽപ്പുറത്ത് സദാചാര പോലീസ് പോലുള്ള മൃഗപോലീസ് തടിയുമായി കടന്നുവന്ന് വിദേശിയായ വനിതയെയടക്കം അടിക്കുന്ന കാഴ്ചയാണ് നാം ആ വീഡിയോയിൽ കൂടി കാണുന്നത്. ഇതാണോ ഇന്ത്യയുടെ സംസ്കാരം? ഇതാണോ ഇന്ത്യൻ പൗരത്വം?

ഇങ്ങനെയുള്ളവരോട് ഞാൻ ചോദിക്കുന്നു, എന്തിനാണ് പശു മണലാരുണ്യത്തിൽ കയറിവന്നത്? മണലിൽ മൃഗത്തിനുള്ള ആഹാരമുണ്ടോ? മണൽ പശു തിന്നുമോ? ഒരിക്കലും ഇല്ല എന്ന് ഓർക്കണം. പക്ഷേ നാം ചിന്തിക്കേണ്ടത് അഴിച്ചുവിട്ട പശുവിന് തീറ്റ ലഭിക്കാത്തതിനാൽ കടൽക്കരയിൽ കയറിവന്നു. ഇവിടെ വരുന്നവരുടെ കൈയിലുള്ള ആഹാരസാധനങ്ങൾ തുടങ്ങി പഴവർഗ്ഗങ്ങളും ബലാൽക്കാരമായി ബാഗുകൾ കടിച്ചുകീറി തിന്നുന്ന സ്വഭാവം എപ്പോഴും മൃഗത്തിന് ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.

ഇവിടെ വരുന്നവരുടെ ബാഗിനുള്ളിൽ വിലയേറിയ പാസ്പോർട്ടും മറ്റ് ഡോക്യുമെന്റുകളും ഉണ്ടായിരിക്കുമെന്ന് പറയാതെ തന്നെ ബോധമുള്ളവർക്ക് മനസ്സിലാക്കാം. ഇത്രയ്ക്ക് പോലും ചിന്തിക്കാൻ കഴിയാത്ത മൃഗപ്രായനായ മനുഷ്യാ നിന്നെ എന്ത് പേരിട്ട് വിളിക്കണമെന്ന് എനിക്കറിയുകയില്ല. പശു പഴവർഗ്ഗങ്ങളോ മറ്റോ കടിച്ചുതിന്നുന്ന കൂട്ടത്തിൽ ഇവരുടെ പാസ്പോർട്ടു കൂടി തിന്നാൽ ഇവർക്ക് അവരുടെ രാജ്യത്ത് മടങ്ങിപ്പോകാൻ കഴിയുമോ? ഇങ്ങനെ ചിന്തിക്കണമെങ്കിൽ അൽപമെങ്കിലും മൂളയും വിവരവും വേണം എന്നതാണല്ലോ. പേപ്പർ തിന്നുന്ന പശുവിനെ ഞാൻ കണ്ടിട്ടുണ്ട്. മനുഷ്യന്റെ മലം തിന്നുന്ന പശുവിനെയും ഞാൻ കണ്ടിട്ടുണ്ട്. കരയിൽ ആഹാരം കിട്ടാത്തതിനാൽ ഇവകൾ കടലിലേക്ക് വരികയാണ്.

ഇവയ്ക്ക് ആഹാരം കൊടുക്കുവാൻ മൃഗപോലീസ് തയ്യാറാകണം. അല്ലാതെ മറ്റു മനുഷ്യരുടെ ജീവിതത്തെ ആക്രമിക്കുകയല്ല വേണ്ടത്. ചില ചോദ്യങ്ങൾ ഞാൻ ചോദിക്കട്ടെ. നിനക്ക് ഉത്തരം പറയാമോ?

1. വിനോദസഞ്ചാരത്തിന് വന്നവർ രേഖാമൂലമല്ല വന്നതെന്ന് തെളിയിക്കാമോ?

2. ഇവരുടെ ഡോക്യുമെന്റ്സുകൾ ഇവരുടെ കൈവശമല്ലേ വയ്ക്കേണ്ടത്? അതേ മൃഗപോലീസിന്റെ പക്കൽ നൽകണമായിരുന്നുവോ?

3. കുളിക്കുമ്പോൾ കൈയിൽ പിടിച്ചുകൊണ്ട് ഡോക്യുമെന്റുകൾ സൂക്ഷിക്കാൻ കഴിയുമോ?

4. ഇവർ നിയമപരമായ കുളിക്കടവിലല്ലേ കുളിക്കാൻ പോയത്? വിദേശികൾ കുളിക്കുന്ന ഇടത്ത് സ്വദേ ശിയായ നിനക്ക് എന്ത് അധികാരം?

5. അങ്ങനെയെങ്കിൽ നീയല്ലേ നിയമം തെറ്റിച്ചത്? നിയമം കൈയിലെടുത്തത്?

6. വിദേശികൾ നമ്മുടെ അതിഥികളാണ് അവരെ ബഹുമാനിക്കേണ്ടത് നിന്റെയും കൂടി കടമയല്ലേ?

7. വിദേശികളുടെ ഇടയിൽ കയറിച്ചെന്ന നീയല്ലേ അവരുടെ സ്വാതന്ത്ര്യത്തെ നശിപ്പിച്ചതും ഉപദ്രവിച്ചതും. ഇതൊക്കെ ചിന്തിക്കണമെങ്കിൽ നിന്റെ തലയ്ക്കകത്ത് ആളു താമസിക്കണം (മൂള വേണം) എന്ന് ഓർക്കുക.

8. പശുവിനോട് അത്രയ്ക്ക് സ്നേഹമുണ്ടെങ്കിൽ അവയ്ക്ക് സംരക്ഷണം കൊടുക്കുവാൻ ഗോശാലകൾ പണിത് മാന്യമായി പശുവിന് ആഹാരം കൊടുക്കണം. അല്ലാതെ തങ്ങളുടെ കഴിവുകേടുകൾ മനസ്സിലാക്കാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പന്ന പശുക്കൾക്ക് ഒത്താശ പിടിക്കുവാൻ നീ മൃഗത്തെക്കാൾ തരം താണുപോയല്ലോ?

ഒരിക്കൽകൂടി ഓർമ്മപ്പെടുത്തട്ടെ... ഈ വീഡിയോ വിദേശികളുടെ രാജ്യങ്ങളിൽ എത്തിച്ചേർന്നാൽ ഇത് മതി ഇന്ത്യയുമായി യുദ്ധം ഉണ്ടാകുന്ന നിലയിലുള്ള സാഹചര്യം നിലവിൽ വരാൻ. ഇനി അധികാരികളോട് പറയട്ടെ.... ഈ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ച ഗോവയിലെ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നു ഇന്ത്യയുടെ നിയമപരമായ ശിക്ഷകൊടുക്കണം. ഇതുപോലുള്ള വിഷയങ്ങൾ ഇനിയുള്ളവരെങ്കിലും ഇനി ചെയ്യരുത്. വിദേശികളെയാണ് ഉപദ്രവിച്ചിരിക്കുന്നതെന്ന് നിയമപാലകർ മറക്കാതിരിക്കട്ടെ. സാധുജനങ്ങളെ യുദ്ധത്തിൽ നിന്നും രക്ഷപ്പെടുത്താൻ നാം ഒരുമയോടെ കൈകോർക്കണം.

# ജീവിതലക്ഷ്യം ദൈവഹിതപ്രകാരമായിരിക്കട്ടെ!






**ഷെറിൻ ഷേർളി സന്തോഷ്**

ഓരോ മനുഷ്യർക്കും അവരുടേതായിട്ടുള്ള ഓരോ ലക്ഷ്യങ്ങളും ഉണ്ടാകും. എല്ലാ ലക്ഷ്യങ്ങളും എല്ലാവർക്കും സാഫല്യമാക്കാൻ സാധിക്കയില്ലെന്ന് വന്നേക്കാം. എന്നാൽ അതിനുവേണ്ടി കഠിനമായി പരിശ്രമിക്കുന്നവ രാണ് നമ്മളിൽ പലരും. ആർക്കും ഒന്നും വേഗത്തിൽ നേടുവാൻ സാധിക്കയില്ല. പരിശ്രമവും ദൈവകൃപയും ഉണ്ടെങ്കിൽ മാത്രമേ പലതും നേടാൻ കഴിയുള്ളു. നാം ആരാകണം എന്താകണം എന്നൊക്കെ നമ്മുടെ മനസ്സിൽ ഒരു ആഗ്രഹം ഉണ്ട്. എന്നാൽ വിശുദ്ധ വേദപുസ്തകത്തിൽ പറയും പോലെ എന്റെ വിചാരങ്ങളല്ല നിങ്ങളുടെ വിചാരങ്ങൾ.

നമ്മൾ ഈ ഭൂമിയിൽ ജനിച്ചപ്പോൾ മുതൽ നമ്മുടെ മാതാപിതാക്കൾക്കും, ബന്ധുക്കൾക്കും എല്ലാം ഓരോ സ്വപ്നങ്ങളും ലക്ഷ്യങ്ങളും ഉണ്ട്. വളർന്നു വരുന്തോറും കുട്ടികളുടെ മനസ്സിലും താൻ എന്തായിത്തീരണം ആരാകണം എന്നൊക്കെയുള്ള തീരുമാനങ്ങളും സ്വപ്നങ്ങളുമുണ്ട്. ജീവിതമെന്നത് ഒരു തോണിയാണ്. നീന്തിക്കടക്കാൻ കഠിനമായി ശ്രമിക്കുന്നവർ അക്കരെയെത്തും.

ശ്രമിക്കാത്തവർ തോണിയിൽ തന്നെ നിലച്ച് നിന്നതായും കാണാൻ സാധിക്കും. ജീവിതത്തിൽ പല പ്രതിസന്ധികൾ വന്നേക്കാം തളരാതെ മുമ്പോട്ട് പോവുക. നമുക്ക് ഓരോരുത്തർക്കും വേണ്ടി ക്രൂശിൽ യാഗമായി തീർന്ന കർത്താവായ യേശുക്രിസ്തുവിനെ ഓർക്കുക. തളരാതെ പതറാതെ ദൈവത്തെ മുറുകെ പിടിച്ചുകൊൾക. ആരെയും കണ്ണുമടച്ച് വിശ്വസിക്കാതിരിക്കുക. ഇന്നത്തെ കാലഘട്ടത്തിൽ നാം കണ്ടുവരുന്ന ഒരു കാര്യമാണ് ആരെയും പൂർണ്ണമായി വിശ്വസിക്കയും സ്നേഹിക്കാതിരിക്കുകയും ചെയ്യുക എന്നത്. ഓരോ ദിവസം കടന്നു പോകുന്തോറും മനുഷ്യന്റെ ബുദ്ധിയും ചിന്തകളും മാറി ക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ വളർച്ചയിൽ അധപതിക്കുന്ന മനുഷ്യർ ചിന്തിക്കേണ്ട ഒരുപാട് കാര്യ ങ്ങളുണ്ട്. ദൈവത്തെ മറന്നുകൊണ്ട് എന്തുചെയ്താലും അതു ശാശ്വതമാവുകയില്ല. എന്തൊക്കെ ജീവിത ത്തിൽ ഉണ്ടെന്ന് പറഞ്ഞാലും ദൈവഭക്തിയും സ്നേഹവും വിശ്വാസവും ഒന്നുമില്ലെങ്കിൽ മനുഷ്യൻ മനുഷ്യ നല്ലാതെയായി മാറുകയാണ്. ദൈവത്തിന് നമ്മളെ ഓരോരുത്തരെയും പറ്റി വലിയ ഒരു പദ്ധതിയുണ്ട്. നമ്മൾ ഓരോരുത്തരും ദൈവത്തിൽ വിശ്വസിക്കുക, നമ്മുടെ പ്രശ്നങ്ങൾക്ക് എല്ലാം പരിഹാരം കർത്താവായ യേശുക്രിസ്തുവിന്റെ പക്കലുണ്ട്.

നമ്മുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് ജീവിതം മുമ്പോട്ട് നയിക്കുക. വന്ന വഴികൾ മറക്കാതിരിക്കുക, ആരെയും അറിഞ്ഞ് കൊണ്ട് വേദനിപ്പിക്കാതെയും, സങ്കടപ്പെടുത്താതെയും ഇരിക്കുക, പ്രാർത്ഥിച്ച് മുന്നേറുക.

ആരാധനയ്ക്ക് പോകുന്ന ദൈവജനത്തെ അവരുടെ വേഷം കൊണ്ട് തിരിച്ചറിഞ്ഞിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ വളരെ ശോചനീയം...

# മക്കളെ ചൊല്ലി കരയുക!

കുഞ്ഞുങ്ങൾ മാതാപിതാക്കൾക്ക് എന്നും പ്രിയരാണ്. അവരുടെ കൈ വളരുന്നതും കാൽ വളരുന്നതുമൊക്കെ നോക്കിക്കാണുന്ന മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെക്കുറിച്ചു വലിയ പ്രതീക്ഷയാണുള്ളത്. കുട്ടികൾ ജനിക്കും മുന്നേ അവരെക്കുറിച്ചു സ്വപ്നം കാണും. പെൺമക്കളാണെങ്കിൽ ആധി കൂടും. ഏതായാലും 'കാക്കയ്ക്ക് തൻ കുഞ്ഞ് പൊൻകുഞ്ഞ്' എന്നാണല്ലോ. അവർ നല്ലതു ചെയ്താലും മോശം പ്രവർത്തിച്ചാലും ഒന്നും പറയാത്തവരുണ്ട്. ചില മാതാപിതാക്കൾ കർശനമായ ചിട്ടയോടെ അവരെ വളർത്തും. ചിലപ്പോൾ ശകാരിക്കും. വഴക്കുപറയും. തല്ലും ഇങ്ങനെ പലതും.

കുട്ടികളുടെ കുസൃതിയുടെ പേരിൽ ചട്ടുകം പഴുപ്പിച്ചു വക്കുന്നത് തുടങ്ങി മാരകമായി മർദ്ദിക്കുന്നവർ വരെയുണ്ട്! എല്ലാം ആവശ്യത്തിന് വേണം അധികമായാൽ അവർ നിങ്ങളെ വകവയ്ക്കണമെന്നും ഇല്ല. പ്രത്യേകിച്ച് ബാല്യത്തിൽ പറഞ്ഞു കൊടുക്കേണ്ടവ ചെയ്യാതെ കൗമാരത്തിൽ പറഞ്ഞു അവരെ നന്നാക്കാം എന്ന് ചിന്തിച്ചാൽ വിപരീത ഫലവും ഉണ്ടാകാം. മക്കളെ ശിക്ഷിച്ചു വളർത്തണം എന്നാണ് ബൈബിൾ പറയുന്നത്. എന്നാൽ അവരെ സ്നേഹത്തോടെ വേണം കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ. അവരെ മനസ്സിലാക്കാനും കരുതാനും മാതാപിതാക്കൾ തയ്യാറാകണം. അടുത്തിടെ ഒരു ഫേസ്ബുക്ക് സുഹൃത്തിന്റെ വാളിൽ പ്രത്യക്ഷപ്പെട്ട പോസ്റ്റിലെ വരികളാണ് ചുവടെ:

ഇഷ്ടമുള്ളതെല്ലാം വാങ്ങി കൊടുത്തും സ്നേഹം കൊണ്ട് പൊതിഞ്ഞും വിഷമങ്ങൾ ഒന്നും അറിയിക്കാതെയും തലമുറകളെ വളർത്തുന്നവർ അറിയുന്നില്ല എത്ര ദ്രോഹമാണ് ആ കുഞ്ഞുങ്ങളോട് അവർ ചെയ്യുന്നത് എന്ന്. ഞങ്ങളുടെ സ്കൂളിലെ ഏറ്റവും നല്ല ഒരു വിദ്യാർത്ഥിനി, പഠനത്തിൽ ഒന്നാം റാങ്ക് വാങ്ങി വളർന്നു. പഠനത്തിൽ മാത്രമല്ല കലാപരമായും മികച്ച വിദ്യാർത്ഥിനി. മിടുക്കിയായി വളർന്ന പൊന്നു മോൾക്കു അവർ ആഗ്രഹിച്ചതെല്ലാം നൽകി മാതാപിതാക്കൾ അവളെ വളർത്തി. മദേഴ്സ് ദിനത്തിൽ അമ്മയ്ക്ക് ഗിഫ്റ്റ് വാങ്ങാനായി അപ്പനോട് പണം ചോദിച്ചപ്പോൾ തരില്ല എന്നു പറഞ്ഞപ്പോൾ ഇഷ്ടപ്പെടാതെ അപ്പന്റെ പോക്കറ്റിൽ നിന്ന് പണം എടുത്തു. അത് അപ്പൻ ചോദ്യം ചെയ്തപ്പോൾ വാശിയോടെ ഞാൻ എന്തുചെയ്യും എന്ന് കാണിച്ചു തരാം എന്നും പറഞ്ഞു കൊണ്ട് ഏഴാം നിലയിലെ റൂമിന്റെ ബാൽക്കണിയിൽ നിന്ന് അവൾ താഴേയ്ക്ക് എടുത്തു ചാടി താഴെ വീഴുന്ന നിമിഷം അവസാനം അവളുടെ വായിൽ നിന്ന് 'അമ്മേ' എന്നൊരു വിളി മാത്രം വന്നു.



ജെ. പി. വെണ്ണിക്കുളം

ഒരു നിമിഷത്തെ വാശി തീർത്തത് അവളുടെ ജീവിതം മാത്രമല്ല ഒരു കുടുംബത്തിന്റെ മൊത്തം ജീവൻ ആയിരുന്നു. നിർജ്ജീവമായ ശരീരവും മനസ്സുമായി ഒരമ്മക്ക് സഹിക്കാൻ പറ്റുന്നില്ല. എന്തിനാണ് കുഞ്ഞുങ്ങളെ നിങ്ങൾ വാശി കാണിച്ചു സ്വന്തം ജീവിതം ഇല്ലാതെയാക്കി മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചവരെപ്പോലെ ജീവിക്കേണ്ടി വരുന്നത്?. ഇത് അനേക സംഭവങ്ങളിൽ ഒന്നു മാത്രം. നിസ്സാരമായ കാര്യങ്ങൾക്കാണെങ്കിലും വാശിപിടിക്കുന്ന സ്വഭാവം ഇന്നത്തെ കുട്ടികൾക്കുണ്ട്. അവർ പറയുന്നത് എന്തും അപ്പോൾത്തന്നെ സാധിച്ചുകൊടുക്കണം. അല്ലെങ്കിൽ അവരുടെ വിധം മാറുന്നത് കാണാം. അവരുടെ ആഗ്രഹം അവർ പറയുന്നത് എന്തും സാധിച്ചുകൊടുക്കുന്ന മാതാപിതാക്കളെയാണ്. എന്നാൽ അവരുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊടുക്കാൻ മാതാപിതാക്കൾക്ക് പറ്റില്ല. പ്രത്യേകിച്ച് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മാതാപിതാക്കൾക്ക് കുട്ടികളുടെ പല ആഗ്രഹങ്ങളും സാധിച്ചു കൊടുക്കാൻ കഴിയില്ല. അത് മാതാപിതാക്കളുടെ കഴിവുകേടായി കാണരുത്. സാഹചര്യങ്ങൾ മനസ്സിലാക്കി പൊരുത്തപ്പെടാൻ കുട്ടികൾക്കും കഴിയണം. വലിയ ആഗ്രഹങ്ങൾ ഒക്കെ സ്വന്തം കാലിൽ നിൽക്കുമ്പോൾ സാധിക്കാമല്ലോ. വെറുതെ മാതാപിതാക്കളെ സമ്മർദ്ദത്തിലാക്കരുത്. അവരുടെ പ്രാപ്തി പോലെയും അല്ലാതെയും കുഞ്ഞുങ്ങൾക്ക് വേണ്ടത് ചെയ്യുന്നുണ്ട്. എന്നാൽ അതൊന്നും തിരിച്ചറിയാൻ ഒരു ദുർബല നിമിഷത്തിൽ സാധിക്കാതെ മനം മടുത്തു ആത്മഹത്യ വരെ ചെയ്യുമ്പോൾ പൊലിഞ്ഞു പോകുന്നത് ആരുടെ സ്വപ്നമാണ്?.



കുഞ്ഞുങ്ങൾ മനസ്സിലാക്കേണ്ട പല കാര്യങ്ങളും അവരെ പറഞ്ഞു മനസ്സിലാക്കേണ്ട പ്രായത്തിൽ പറഞ്ഞുകൊടുക്കണം. പണ്ടൊക്കെ 13 വയസ്സ് ആയിട്ടു പറഞ്ഞു കൊടുക്കാം എന്ന് ചിന്തിച്ചിരുന്ന കാര്യങ്ങൾ ഇപ്പോൾ എത്രയും വേഗം പറഞ്ഞുകൊടുക്കേണ്ട കാലമാണ്. പ്രത്യേകിച്ചു പലയിടത്തും പീഡനം വർദ്ധിച്ചുവരുന്ന ഈ കാലത്തു കുഞ്ഞുങ്ങൾക്കു അവരുടെ സുരക്ഷയെക്കുറിച്ചു ബോധ്യം വരുത്തണം. ശരിയെന്താണെന്നും തെറ്റ് എന്താണെന്നും അവർ നേരത്തെ തന്നെ അറിഞ്ഞാൽ വളരെ നല്ലത്. അതിന് ലജ്ജിച്ചിട്ടു കാര്യമില്ല. മാതാപിതാക്കൾ പലപ്പോഴും അവരോടു പറയുന്ന കള്ളത്തരങ്ങൾ അവരുടെ ചോദ്യത്തിന് മറുപടി നൽകാൻ കഴിയാത്തതിനുള്ള ഒഴിഞ്ഞുമാറലാണ്. അമ്മെ ഞാൻ എങ്ങനെ ഉണ്ടായി എന്നു ചോദിച്ചാൽ നിന്നെ തവിടുകൊടുത്ത് വാങ്ങിയതാണെന്നോ എവിടെനിന്നോ കിട്ടിയതാണെന്നോ ഒക്കെ പറഞ്ഞു കൊടുത്തിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ ഇനി അങ്ങനെ പാടില്ല. അവരുടെ പ്രായത്തിനനുസരിച്ചു മനസ്സിലാകുന്ന ഭാഷയിൽ മനസ്സിലാക്കിക്കൊടുക്കുക.

പരപുരുഷന്റെ സാമീപ്യം കൊണ്ട് ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ചും പെൺമക്കളെ ബോധവൽക്കരിക്കണം. പ്രകൃതി വിരുദ്ധവും സ്വവർഗ പ്രേമവും വരെയുള്ള ഈ കാലത്തു എല്ലാം പറഞ്ഞു മനസ്സിലാക്കണം. മക്കൾ നിങ്ങൾക്കു പ്രിയരാണെങ്കിലും ചെറിയ പ്രായത്തിൽ പോലും തെറ്റിപ്പോകാനുള്ള സാധ്യത കൂടുതലാണ്. പ്രത്യേകിച്ച്, ഇന്റർനെറ്റ് തുടങ്ങി സോഷ്യൽ മീഡിയ വരെയുള്ള ഇന്നത്തെ അത്യാധുനിക സാങ്കേതികവിദ്യയുടെ കാലത്തു കുട്ടികൾ ജനിച്ചുവീഴുന്നതുതന്നെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ശബ്ദം കേട്ടുകൊണ്ടാണ്. അതു അവരെ വേഗം കീഴടക്കുന്നു കുഞ്ഞുങ്ങൾ കരഞ്ഞാൽ താരാട്ടു പാടിയിരുന്ന കാലം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് മൊബൈലിലെ ചലങ്ങൾ കണ്ടും കേട്ടും അവർ വളരുന്നതു കൊണ്ട് അതിവേഗം സാങ്കേതിക മികവ് പ്രാപിക്കുന്നു.

ഇവയുടെ അമിത ഉപയോഗം ചെറുപ്രായത്തിൽ തന്നെ കുറയ്ക്കണം. ഇല്ലെങ്കിൽ പഠനത്തിൽ അവരുടെ ശ്രദ്ധ കുറയും. അവർ ചോദിക്കുന്ന പണം വാരിക്കോരി കൊടുക്കുമ്പോൾ മാതാപിതാക്കൾ അറിയുന്നില്ല നാളെ ഒരുപക്ഷേ ഇവർ അപകടകാരികൾ ആകുമെന്ന്!

അതുകൊണ്ടു തലമുറകൾക്കു വേണ്ടി ശക്തമായി പ്രാർത്ഥിക്കുക, സമയം വേർതിരിച്ചു തന്നെ പ്രാർത്ഥിക്കുക. ചുറ്റും കഴുകൻ കണ്ണുകളുണ്ട്. അവർക്കു പ്രായമോ ജാതിയോ ഒന്നും വിഷയമേയല്ല. അവരുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക. നമ്മുടെ കുഞ്ഞുങ്ങൾ വീട്ടിൽ സുരക്ഷിതരാകട്ടെ, സ്കൂളിലും പോകുന്നിടത്തെല്ലാം. പ്രത്യേകിച്ച് ഒരു ദൈവ പൈതൽ ആണെന്ന ബോധ്യം എപ്പോഴും അവരുടെയുള്ളിൽ നൽകണം.

---

സ്ത്രീകളുടെ പംക്തി

# പ്രതീക്ഷ നഷ്ടപ്പെട്ട സ്ത്രീ

ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ട അനേകരെ നാം കാണാറുണ്ട്. ഇനിയും ജീവിക്കുന്നതിൽ അർത്ഥമില്ല എന്ന ചിന്ത ഉണ്ടായിട്ട് ആത്മഹത്യ ചെയ്യുന്നവരും കുറവല്ല. എന്നാൽ പ്രതിസന്ധികളുടെ നടു വിൽ പ്രതീക്ഷകൾ പലതും അസ്ഥാനത്താകുമ്പോഴും പിടിച്ചുനിന്ന്, പോരാടി ജയം വരിച്ചവരെയും നാം കാണാറുണ്ട്. ലോകത്തിലെ എല്ലാ വാതിലുകളും നമുക്ക് നേരെ കൊട്ടിയടച്ചു എന്ന് തോന്നിയാലും പ്രതീക്ഷയോടെ പിടിച്ചുനിൽക്കുക, ദൈവം ഒരു വഴി തുറന്നിട്ടുണ്ട്. എത്ര സമയം നിങ്ങൾ പിടിച്ചു നിൽക്കും എന്ന് ദൈവം ശ്രദ്ധിക്കുന്നു എന്ന് മറക്കാതിരിക്കുക.

വേദപുസ്തകത്തിൽ, എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട, സുറൈഫൊയ്നിക്യാ ജാതിക്കാരിയായ സ്ത്രീയെ മർക്കൊസ് 7: 24-30 ൽ നാം കാണുന്നു. അവൾ ജാതിയായ സ്ത്രീയാണ്. യിസ്രായേൽ ജനത്തിനായി അവരുടെ നന്മയ്ക്കായിട്ടാണ് യേശു വന്നത് എന്ന് ചിന്തിച്ച ആ സ്ത്രീയ്ക്ക് യേശുവിന്റെയടുക്കൽ ഒരു പ്രതീക്ഷയ്ക്കും വകയില്ലായിരുന്നു. മക്കൾക്കു വേണ്ടി വന്നവൻ, നായ്ക്കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കും എന്ന പ്രതീക്ഷ ഇല്ലാത്തവൾ. പലരും അവളെ കണ്ട് പുച്ഛിച്ചുകാണും. അർഹതയില്ലാത്തത് നീ എന്തിനാണ് ആഗ്രഹിക്കുന്നത് എന്ന് ചോദിച്ചു കാണും. എങ്കിലും സ്വന്തം തലമുറയെ പ്രയാസത്തിനു മുമ്പിൽ ഒരു പ്രതീക്ഷയും മുമ്പിൽ കാണുന്നില്ലെങ്കിലും യേശുവിന്റെ മുമ്പിലെത്തുവാൻ അവൾ തയ്യാറായി. ഭൂതോപദ്രവം ബാധിച്ച ജാതിയായ അവർക്ക് വിടുതൽ ലഭിക്കില്ലെന്ന ചിന്തയും ജനത്തിന്റെ അവഗണനയും സഹിച്ചുവന്ന സ്ത്രീയ്ക്ക് യേശുവിൽ നിന്നും ലഭിച്ചതും നിരുത്സാഹവും നിരാശയും കലർന്ന വാക്കുകളായിരുന്നു. അവളെ നായെന്ന നിലയിൽ യേശു സംസാരിച്ചു. വളരെ ആഗ്രഹത്തോടെ വിടുതൽ പ്രതീക്ഷിച്ചു വന്ന സ്ത്രീ യേശുവിന്റെ പ്രതികരണത്തിനു മുമ്പിൽ തകർന്നു പോയി. എങ്കിലും അവൾക്ക് യേശുവിന്റെ സ്വഭാവവും അവന്റെ ദിവ്യത്വവും മനസ്സിലായപ്പോൾ, പിന്തിരിഞ്ഞു പോകാതെ, അവഗണന കാര്യമാക്കാതെ അവൾ യേശുവിനെ കാത്തുനിന്ന് അവളുടെ ഹൃദയത്തിലുള്ള വിശ്വാസം യേശുവിന്റെ മുമ്പിൽ തെളിയിക്കാൻ ധൈര്യപ്പെട്ടു.

ആ സ്ത്രീയുടെ വിശ്വാസത്തെ യേശു അംഗീകരിച്ചു. സ്വന്തജനത്തിന്റെ അകത്തില്ലാത്ത വിശ്വാസം അന്യജാതിക്കാരിയിൽ കണ്ടപ്പോൾ യേശുവിന് അവളെ തള്ളിക്കളയുവാൻ കഴിഞ്ഞില്ല. അവളുടെ മകൾക്ക് യേശു സൗഖ്യം നൽകി. പ്രതീക്ഷ നഷ്ടപ്പെട്ടവൾക്ക് പുതിയ പ്രതീക്ഷയോടെ മടക്കിയയച്ച യേശു എത്ര വലിയവൻ.



ഷീലാ ദാസ്

പ്രിയ വായനക്കാരോട്, ഇന്ന് നിങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ മുഖാന്തിരമോ, തലമുറയുടെ വിഷയത്തിലോ, വർദ്ധിച്ചുവരുന്ന സാമ്പത്തിക കടഭാരത്താലോ പ്രതീക്ഷനഷ്ടപ്പെട്ടവരാണോ നിങ്ങൾ? ഭാരപ്പെടേണ്ട, യേശു നിങ്ങളുടെ തൊട്ടടുത്തുണ്ട്. യേശുവിനോട് ചേർന്നു നിൽക്കുന്നു എന്ന് അഭിമാനിക്കുന്ന അനേകർക്ക് ലഭിക്കാത്ത ഒരു വിടുതൽ ഇന്ന് ദൈവം നിങ്ങൾക്ക് വേണ്ടി ഒരുക്കുന്നുണ്ട്. ഇതുവരെയും യേശുവിനെ വേണ്ടതു പോലെ അടുത്തറിഞ്ഞിട്ടില്ലാതെ ദൂരവേ കാണുന്ന വ്യക്തി മാത്രമാണ് നിങ്ങളെ ങ്കിലും പ്രതികൾ നഷ്ടപ്പെടേണ്ട നിങ്ങൾ യേശുവിന്റെ അടുത്ത് വിശ്വാസത്തോടെ കടന്നുചെല്ലുക.

നിങ്ങൾ ഇരിക്കുന്ന സ്ഥലത്ത് ഇരുന്നു കൊണ്ടു തന്നേ യേശുവിനെ വിളിക്കുക അപ്രതീക്ഷിതമെന്ന് തോന്നുന്നെങ്കിലും വിശ്വസിക്കുക. ഇന്ന് ഒരു വിടുതലിന്റെ ദിനമാണെന്ന് യേശു നിങ്ങളെ തൊടുന്നു. ലോകത്തിലെ ഉന്നതന്മാരെക്കൊണ്ടും നിയമങ്ങൾകൊണ്ടും സാധിക്കാത്തത് യേശുവിന്റെ ഒരു വാക്ക് കൊണ്ട് സാധിക്കാം എന്ന് നിങ്ങളുടെ ജീവിതത്തിലൂടെ ദൈവം തെളിയിക്കും.

കഴിഞ്ഞകാല ജീവിതത്തിലെ പരാജയങ്ങളെ ദൈവം കാര്യമാക്കുന്നില്ല. വിശ്വസിച്ചാൽ നിന്റെ പശ്ചാത്തലം നോക്കാതെ കർത്താവ് ഒരു വിടുതൽ അയക്കും നിശ്ചയം. പ്രതീക്ഷ നഷ്ടപ്പെട്ട ഒരു സ്ത്രീയുടെ മകളെ സൗഖ്യമാക്കി ആ കുടുംബത്തിന്റെ നിലവാരം ഉയർത്തുവാൻ യേശു മനസ്സുവച്ചെങ്കിൽ എത്ര തകർന്ന കുടുംബമായാലും പ്രതീക്ഷ കൈവിടാതെ യേശുവിന്റെ അടുത്തെത്തുക. ലോകത്തിന്റെ മുമ്പിൽ നിങ്ങളുടെ വിശ്വാസത്തെ ദൈവം നിങ്ങളെ ദൈവം അംഗീകരിച്ചു എന്ന് തെളിയിക്കുകയും ചെയ്യും. അതിനായി ദൈവം സഹായിക്കട്ടെ.



# CHRISTIAN LEADERS WITH INVINCIBLE POWER!

Oswald Sander says, “Christian Leadership is a blending of natural and spiritual qualities or of natural talents and spiritual gifts”. No one is a "born leader." Christian leadership is an effect of divine grace, as well as our cooperation with Christ and Holy Spirit This is distinctly different from (and deeper than) a secular view of leadership. It is rooted in our call to holiness. And remember Spiritual power is the heritage of every Christian. The greatest need of God’s people today is not mere theory about the truth, but a greater fullness of Holy Spirit. In 1 Corinthians 2: 4 Paul says that my preaching were not with persuasive words of human wisdom, but in the demonstration of the spirit and power. Today many preachers with eloquent wisdom, with skills or voice and with knowledge are preaching the word of God, but nothing happening. Criticisms and divisions are only bursting at the seams. Souls are not repenting, why? Godly leaders need the Heavenly anointing. They may preach to the dead bones in the valley, but unless the breath of God gives life, their work will be in vain. See, Our Lord Jesus breathed on disciples and said to them “Receive the Holy Spirit “(Jn.20: 22).

## WAS THERE HOLY SPIRIT UPON THE OLD TESTAMENT LEADERS?

The Scriptures name no less than sixteen Old Testament leaders in Israel who received the Holy Spirit. Among those leaders I would like to mention here about Joseph who inspired me a lot.

(a) Joseph: Joseph is the first leader we meet in the Old Testament, brought up as a country boy in an unknown family in the land of Canaan, he rose to become as the Chief Minister of Egypt. The Egyptian King Pharaoh says about Joseph “Can we find such a one as this, a man in whom is the Spirit of God? (Gen 41:38) I wonder why Pharaoh didn’t give him the title “ The great magician or a soothsayer ”, but saying ‘a man in whom is the Spirit of God. If Pharaoh had been impressed only by Joseph’s ability to interpret dreams he would have hired him as a magician, but Pharaoh was wondered with Joseph’s wisdom. The wisdom which was not with the magicians of Pharaoh’s palace was within Joseph. Joseph’s interpretations were accurate in every detail. Joseph was given the highest office dealing with financial matters. We know that Joseph literally went from rags to riches in a day. By looking to our present deeds and words how many peoples, political leaders, neighbors, relatives, co-workers are telling about us as Pharaoh said about Joseph. – “A man in whom is the Spirit of God”. At present, Political leaders and Spiritual leaders are similar. It seems difficult to find difference among them. I think now the so-called spiritual leaders are better to take the politicians role than others. Whenever spiritual leaders are in trouble today they meet political leaders for help. But in Joseph’s day when rulers were in dilemma they called this spiritual man Joseph to solve the problem and pray for them. Dear ones, let’s try to go back to pick up the pearls of spiritual wisdom and power that was within Joseph, given by Our Heavenly Father.

## WHAT WAS THE MISSION OF THE HOLY SPIRIT WITH JESUS CHRIST?

Both the public ministry of Jesus in the Gospels and the public ministry of the church in Acts begin with a life - changing encounter with the Holy Spirit. In fact this is what the secret behind the victorious movement of the Christianity. Our Master Jesus communed constantly with the Spirit; he received a spiritual anointing for service at his baptism. As he knelt on the banks of the Jordan after being baptized by John, he poured out a prayer that pierced the heavens with its power, and “the heaven was opened and the Holy Spirit descended in a bodily shape like a dove upon him. (Luke 3:21, 22) This anointing of the Spirit was an important event in the life and ministry of our Lord. Jesus says, “The Spirit of the Lord is upon me, because he had anointed me to preach the Gospel to the poor; he had sent me to heal the broken hearted, to preach deliverance to the captives...” (Luk.4: 18, 19) .The Holy Spirit is the person and the power by which assistance and ability are given for serving, for sharing the life and power of God’s kingdom with others. In the Great Commission, the effective word is "go." Jesus didn’t say, "Sit around and be comfortable." He wants us to go and make spiritual connections with the outside world. “True leaders are willing to mingle with those who are different or those who think differently. We need to be open to leading whomever we meet to Jesus. Just look at how Jesus associated with all kinds of folks—whether they were prostitutes, tax collectors, adulterers, blind, or demon-possessed. If those considered "different" in society were good enough for Jesus, they are good enough for us. The power of the spirit in Jesus’ life authorized him to preach the kingdom of God and to demonstrate kingdom power by healing the sick, casting out demons and setting the captives free. If our divine master, who was born of the Spirit, needed to be anointed with the Holy Spirit to preach the word, those of his followers who are ordained to do the same work need also to receive this heavenly anointing.



James Koshy George

## ANNOINTING OF THE HOLY SPIRIT IS ESSENTIAL FOR CHRISTIAN LEADERS TO DISCOVER SOULS.

If one should give me a dish of sand, and tell me there were particles of iron on it, my duty is to find out all that iron particles on it, I might took for them with my eyes and search for them with my clumsy fingers and I will be unable to detect them; but let me take a magnet and sweep through it, and how would it draw to itself the almost invisible particles by the mere power of attraction. The powerless or the one who is not having the anointing of the Holy Spirit is like my finger in the sand, discovers no souls in the ministry field, but the one who receive the power of the Holy Spirit is like that Magnet, which found the iron particles while it was sweeping through the sand. Godly leaders need to have this magnetic power to detect the invisible stubborn souls. Again think of that magnetic power which makes the steel filings, though in a heap of dust and rubbish and clippings of tin and brass, leave them all and fly up and kiss the magnet. The one meaning of magnet goes as crowd – puller. The same as those steel filings, how many souls are attracting towards Jesus today. Many Godly leaders today became pulpit mongers and city – lovers, whose spirit works for popularity, possession, property and position. The incomprehensible transformation in human character is shaped through the Holy Spirit. Even if it were a gambler, drunkard, adulterer, murderer, whoever may be Holy Spirit transforms them from the vanities of worldly pleasures to a devoted and self-sacrificing Christians. Again I wish to take your attention towards that Magnetic power. Also a needle that is fixed on the magnet can never separate by winds blowing ever so fiercely, the waves roll ever so furiously and the vessels pitches and sinks and if it would be submerged, still the magnet holds the needle .In the same way when the Holy Spirit is holding the Godly Leader, no persecutions, no thunderbolt, no lightning flash, nor hurricane, nor cyclones can destroy the Godly Leader, he is under the control of the invincible power of Holy Spirit. We are united in our mission to bring Christ to others, and there is no better way to live our personal mission than to reflect the light of Christ and the works of the Holy Spirit in our lives.

## TAKE THE PLUNGE TO INHERIT THIS INVINCIBLE POWER!

Christian leaders! We are in a great need of this power. The invisible power of the Holy Spirit is ready to do visible signs and wonders with incredible actions to those who are fully surrendered before this invincible power. This invincible power helps us to plunder the devilish Kingdom to populate the heavenly kingdom. As the leaders of the Heavenly Kingdom It’s our mission in Christ, who bids us, "Go therefore and make disciples of all nations, baptizing them in the name of the Father and of the Son and of the Holy Spirit" (Mt. 28:19). We are leaders—not necessarily in the sense of a position, but rather as a result of God sending us into home, church, and world to influence and lead others to Christ—by reflecting His image in a dark world through the help of this invincible power - Holy Spirit.

വിസിറ്റിംഗ് വിസ

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക

GLOBAL CARE TRAVEL SERVICES ESTD 1998



2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




AMERICA

# KFC to curb antibiotic use in their chickens




KFC chain plans to curb the use of antibiotics in its chicken supply, making it the last of the big three chicken restaurants to join the fight against the rise of dangerous antibiotic-resistant bacteria known as superbugs.

KFC, the second-biggest U.S. chicken chain by sales after privately held Chick-fil-A, is giving its U.S. poultry suppliers until the end of 2018 to stop using antibiotics important to human medicine.

Some 70 percent of antibiotics vital for fighting infections in humans are sold for use in meat and dairy production and medical researchers have concerns that overuse of those drugs may diminish their effectiveness in fighting disease in humans.

McDonald's Corp's roughly 14,000 U.S. restaurants last year stopped serving chicken raised with antibiotics considered important to human medicine. Its Chicken McNuggets are a top seller and the change put pressure on the rest of the industry to follow.

Chick-fil-A is going a step further, vowing in 2014 to switch to poultry raised without any antibiotics at all by the end of 2019.

# Chuck Berry: Fans queue to pay their last respects



Fans in the US state of Missouri have been paying their final respects to the rock 'n' roll legend Chuck Berry who died last month aged 90.

They were allowed to view the performer's body at the Pageant club in St Louis before a private family funeral on Sunday. As fans filed past the open coffin a musician played some of Chuck Berry's greatest hits.

The guitarist and songwriter died in Missouri after a seven-decade career.

Among those paying tribute to the musician on Sunday was Kiss rocker Gene Simmons.

Former US President Bill Clinton sent letter lauding "one of America's greatest rock and roll pioneers".

"He captivated audiences around the world," the letter said, "and his music spoke to the hopes and dreams we all had in common.

"Me and Hillary grew up listening to him." Berry played at both of Bill Clinton's presidential inaugurations.

MIDDLE EAST- GULF

# Forbes: Saudi Arabia's prince tops Arab world's richest list yet again

Saudi Arabia's Prince Alwaleed bin Talal remains at the top of the Arab world's richest list with an estimated net worth of USD 18.7 billion, up by USD 1.4 billion, according to the latest Forbes' Middle East list. The magazine unveiled its annual rankings of the World's Richest Arabs in its April issue.

According to the list, the UAE's Majid Al Futtaim is placed at second position for the first time at USD 10.6 billion, followed by Saudi Arabia's Mohammed Al Amoudiwho's worth USD 8.1 billion. There are two new entrants this year: Qatar's former prime minister, Hamad bin Jassim bin Jaber Al Thani, who has an estimated net worth of USD 1.3 billion.



He holds a 3 per cent stake in Deutsche Bank.

Mohammed Serafi, also a newcomer, is one of the largest individual investors in the Saudi stock market, with a net worth of USD 1 billion. He has shares in real-estate company Taiba Holding and Makkah Construction and Development Company. Forbes ranked Indian-Omani businessman PNC Menon under Oman, since he's a citizen of that country. He hails from Thrissur in Kerala. The magazine did not say what was his ranking.

GULF/UAE

# Turkey referendum: President Erdogan announces victory, opponents plan challenge

President Tayyip Erdogan declared victory in a referendum on Sunday to grant him sweeping powers in the biggest overhaul of modern Turkish politics, but opponents said the vote was marred by irregularities and they would challenge its result. Turkey's mainly Kurdish southeast and its three main cities, including the capital Ankara and the largest city Istanbul, looked set to vote "No" after a bitter and divisive campaign.



Erdogan said 25 million people had supported the proposal, which will replace Turkey's parliamentary system with an all-powerful presidency and abolish the office of prime minister, giving the "Yes" camp 51.5 percent of the vote. That appeared short of the decisive victory for which he and the ruling AK Party had aggressively campaigned. Nevertheless, thousands of flag-waving supporters rallied in Ankara and Istanbul in celebration.

"For the first time in the history of the Republic, we are changing our ruling system through civil politics," Erdogan said, referring to the military coups which marred Turkish politics for decades. "That is why it is very significant." Under the changes, most of which will only come into effect after the next elections due in 2019, the president will appoint the cabinet and an undefined number of vice-presidents, and be able to select and remove senior civil servants without parliamentary approval.

Erdogan himself survived a failed coup attempt last July, responding with a crackdown that has seen 47,000 people detained and 120,000 sacked or suspended from their jobs. In Ankara, where Prime Minister BinaliYildirim addressed cheering supporters, convoys of cars honking horns clogged a main avenue as they headed towards the AK Party's headquarters, their passengers waving flags from the windows.

# Trump would be 'honored' to meet North Korea's leader, if conditions right

US President Donald Trump on Monday said he would not rule out meeting North Korean leader Kim Jong-Un, saying he would be "honored to do it," despite weeks of tough talk against the regime.



# തീരുമാനം ഉറച്ചതാകട്ടെ!



ദാസ് പി. വിളക്കുടി

**നമ്മുടെ തീരുമാനങ്ങൾ ഉറച്ചതെങ്കിൽ നമുക്ക് വാഗ്ദത്തം ചെയ്തത് പ്രാപിപ്പാൻ കഴിയും. ദൈവം പറഞ്ഞിട്ട് നാം ഇറങ്ങിത്തിരിച്ചാലും ദൈവത്തോട് പറഞ്ഞിട്ട് ഇറങ്ങിത്തിരിച്ചാലും ദൈവം നമ്മിൽ പ്രസാദിക്കും. ദൈവത്തിൽ നിന്ന് കേട്ട അരുളപ്പാടിൽ ഉറച്ചുനിന്ന യോശുവയും കാലേബും ഒഴികെ 20 വയസ്സു മുതൽ മേലോട്ടുള്ള ആർക്കും ആ വാഗ്ദത്ത ദേശത്ത് കാലുകുത്തുവാൻ കഴിഞ്ഞില്ല.**

ദൈവം വാഗ്ദത്തം ചെയ്ത ദേശം ഒറ്റു നോക്കുവാൻ മോശയോട് ദൈവം തന്നെ അരുളിച്ചെയ്തു. 12 ഗോത്രത്തിൽ നിന്നും ഓരോരുത്തരെ തെരഞ്ഞെടുത്ത് അയയ്ക്കുവാൻ (സംഖ്യ 13) അതിന് ചില നിബന്ധനകളും വച്ചു. പ്രഭുക്കന്മാരെ തെരഞ്ഞെടുക്കണം. അവർ അതാത് ഗോത്രത്തിലെ തലവന്മാരായിരിക്കണം. പ്രത്യേകം ദൈവാലോചനയാൽ തെരഞ്ഞെടുത്ത 12 പേർ 40 ദിവസം കൊണ്ട് ദേശം ഒറ്റു നോക്കി മടങ്ങി വന്നു.

12 പേരും വന്ന് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അവർക്ക് ദേശം വളരെ ഇഷ്ടപ്പെട്ടു. പാലും തേനും ഒഴുകുന്ന ദേശം, ദേശത്തിലെ ഫലങ്ങളും കൊണ്ടുവന്നു. പക്ഷേ പോയി വന്ന് റിപ്പോർട്ട് സമർപ്പിച്ച 10 പേരും ജനത്തിന്റെ മനസ്സ് ക്ഷയിക്കുന്ന റിപ്പോർട്ടാണ് അവതരിപ്പിച്ചത്. എന്നാൽ യോശുവയും കാലേബും ഉറച്ചുനിന്നു. മാത്രമല്ല അവർക്ക് ചില ലക്ഷ്യങ്ങളും ഉറപ്പും ഉണ്ടായിരുന്നു.

ദൈവമാണ് ആലോചന പറഞ്ഞത്. നിങ്ങൾക്ക് പാലും തേനും ഒഴുകുന്ന ദേശം തരുമെന്ന്. ആ ഉറപ്പ് അവരുടെ ഹൃദയത്തെ ധൈര്യപ്പെടുത്തി. ദൈവത്തിന്റെ പ്രവർത്തികൾ അവർ അവരുടെ യാത്രയുടെ ആരംഭം മുതൽ കണ്ടതാണ്. അവരെ സാത്താന്യ ആരാധനയുടെ അടിമത്വത്തിൽ നിന്നും വിളിച്ച് ഇറക്കിയത് തന്നെ ഒരു ലക്ഷ്യസ്ഥാനത്തേക്കാണ്. നമ്മുടെയും ആത്മീക ജീവിതം അല്ലെങ്കിൽ ദൈവവുമൊത്ത് യാത്ര തുടങ്ങിയത് ദൈവവുമായിട്ടുള്ള ചില ഉടമ്പടികൾ ഒപ്പ് വച്ച് തന്നെയല്ലേ. ആ ഉടമ്പടികൾ ദൈവം മറക്കാതെ നിവർത്തിച്ചു കൊണ്ടാണ് ഇരിക്കുന്നത്. എന്നാൽ നമ്മൾ യാക്കോബിനെപ്പോലെ പലപ്പോഴും ഉടമ്പടികൾ മറന്നുപോകുന്നു. (ഉൽപ്പത്തി 28:20) അഞ്ച് കാര്യങ്ങൾ യാക്കോബ് അപേക്ഷിച്ചു. ദൈവം നൽകിയാൽ 3 കാര്യങ്ങൾ ദൈവത്തോടും ചെയ്യുമെന്ന് പറഞ്ഞ് യാത്ര തിരിച്ചു. ആ ഉടമ്പടിയിൽ ദൈവം യാക്കോബിനോട് കൂടെ ഇരുന്ന് അവൻ അപേക്ഷിച്ചത് എല്ലാം നൽകി. എന്നാൽ യാക്കോബ് ദൈവത്തോട് ഉടമ്പടി ചെയ്തത് നിവർത്തിക്കുവാൻ തന്റെ പ്രാരാബ്ധജീവിതത്തിൽ മറന്നുപോയി. (നമ്മെപ്പോലെ) എന്നാൽ താൻ സമ്പത്തും ഭാര്യമാരും ആടുമാടുകളും വേലക്കാരും വെപ്പാട്ടികളുമായി തിരികെ സ്വന്തഭവനത്തിലേക്ക് യാത്ര തിരിച്ചുവെങ്കിലും തന്റെ മനസ്സ് അസ്വസ്ഥമാണ്. സഹോദരനെ പറ്റിച്ച് വന്ന തനിക്ക് തിരികെ ചെല്ലുമ്പോൾ ജീവൻ തന്നെ അപകടത്തിൽ ആകുമെന്ന ഭയം വല്ലാതെ മനസ്സിനെ മദിച്ചപ്പോൾ ദൈവത്തിന്റെ ദൂതൻ യാബോക്കിന്റെ കടവിൽ വച്ച് മല്ലു പിടിച്ച് തന്റെ ജീവിതത്തിന്റെ ഗതിയെ മാറ്റിമറിച്ചത്. ദൈവം നമ്മോട് ഒരു വാക്ക് പറഞ്ഞുവെങ്കിൽ അത് നിവർത്തിക്കുവാനും ശക്തനാണ് നാമാണ് പലപ്പോഴും അവിശ്വസ്തരായി തീരുന്നത്.

യോശുവയും കാലേബും അവരുടെ തീരുമാനത്തിൽ ഉറച്ചുനിൽക്കുവാനുള്ള കാരണം മനുഷ്യനല്ല വാക്ക് പറഞ്ഞത് എന്നുള്ള ഉത്തമബോധം. (യഹോവ നാമിൽ പ്രസാദിക്കുന്നുവെങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്ക് കൊണ്ടുചെന്ന് അത് നമുക്കു തരും). നമ്മുടെ തീരുമാനങ്ങൾ ഉറച്ചതെങ്കിൽ നമുക്ക് വാഗ്ദത്തം ചെയ്തത് പ്രാപിപ്പാൻ കഴിയും. ദൈവം പറഞ്ഞിട്ട് നാം ഇറങ്ങിത്തിരിച്ചാലും ദൈവത്തോട് പറഞ്ഞിട്ട് ഇറങ്ങിത്തിരിച്ചാലും ദൈവം നമ്മിൽ പ്രസാദിക്കും. ദൈവത്തിൽ നിന്ന് കേട്ട അരുളപ്പാടിൽ ഉറച്ചുനിന്ന യോശുവയും കാലേബും ഒഴികെ 20 വയസ്സു മുതൽ മേലോട്ടുള്ള ആർക്കും ആ വാഗ്ദത്ത ദേശത്ത് കാലുകുത്തുവാൻ കഴിഞ്ഞില്ല.

പ്രിയരെ, നമ്മൾ ദൈവവുമായി ഉടമ്പടി ചെയ്ത് ആ പ്രത്യാശയുടെ വാഗ്ദത്ത ദേശത്തേക്കുള്ള യാത്ര യിൽ ആണ്. വഴിയിൽ വരുന്ന പ്രതിസന്ധികളിൽ മനസ്സ് ക്ഷീണിച്ചു പോകാതെ, കൂടെയുള്ളവരെ ക്ഷീണിപ്പിക്കുന്ന റിപ്പോർട്ടുകൾ സമർപ്പിക്കാതെ, ദൈവം പറഞ്ഞതെങ്കിൽ ഏത് പ്രതിസന്ധിയിലും ഞാൻ മുന്നോട്ട് പോകും, ജയിപ്പാൻ നമുക്ക് കഴിയും എന്നുള്ള ഉറപ്പോടെ യാത്ര ചെയ്യാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## സെന്റർ കൺവെൻഷൻ നടത്തപ്പെട്ടു

കാസർഗോഡ്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ എട്ടാമത് കൺവെൻഷൻ 2017 ഏപ്രിൽ 6–9 തീയതികളിൽ ചീമേനി പഞ്ചായത്ത് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു. ഉദ്ഘാടനം പാസ്റ്റർ മാത്യു (ഐ.പി.സി കാസർഗോഡ് സെന്റർ മിനിസ്റ്റർ).പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ കെ.ഠ. തോമസ് തൃശ്ശൂർ, പാസ്റ്റർ എബി പീറ്റർ കോട്ടയം, സിസ്റ്റർ ശ്രീലേഖ മാവേലിക്കര എന്നിവർ വചനശുശ്രൂഷ നടത്തി. പുത്രികാസംഘടനകളുടെ വാർഷികം നടത്തപ്പെട്ടു. ചീമേനി ടൗണിൽ പാസ്റ്റർ സന്തോഷ് മാത്യുവിന്റെ നേതൃത്വത്തിൽ സുവിശേഷ റാലി നടത്തപ്പെട്ടു. ഹെവൻലി ഗോസ്പൽ മിനിസ്ട്രി കാട്ടാക്കട ഗാനശുശ്രൂഷ നടത്തി.

## പാട്ടിന്റെ വഴി

ജോയി ജോൺ

# “വെള്ളത്തിൽ വെറുമൊരു കുമിളപോലെ”...

കോട്ടയം ജില്ലയിൽ പി.എം. ജോസഫിന്റെയും സാറാമ്മ ജോസഫിന്റെയും മകനായി 1968 മെയ് മാസം ഒന്നാം തീയതി ജോയി ജോൺ ജനിച്ചു. പത്താം വയസ്സിൽ രക്ഷിക്കപ്പെട്ട് പതിനഞ്ചാം വയസ്സിൽ സ്നാനപ്പെട്ട് കൽപ്പറ്റയിലെ ബ്രദറൺ സഭയിൽ ദൈവത്തെ ആരാധിക്കുവാൻ ഭാഗ്യമുണ്ടായി. സുവിശേഷപ്രവർത്തന ങ്ങൾക്കുള്ള താൽപര്യത്താൽ വചനപരമായി ഉയർന്ന ഡിഗ്രികൾ കരസ്ഥമാക്കി. യുവാക്കളുടെ ഇടയിൽ പ്രവർത്തിപ്പാൻ പ്രത്യേകമായ കൃപയും, താലന്തുകളും ദൈവം നൽകിയിട്ടുള്ള സഹോദരനുമാണ് ജോയി ജോൺ. ഹോസൂരിലുള്ള ഏഷ്യൻ ക്രിസ്ത്യൻ അക്കാദമിയിലെ അദ്ധ്യാപകനായും, രജിസ്ട്രാറായും സേവനം അനുഷ്ഠിച്ചു.

പ്രത്യേക ഒരു സംഭവമാണ് ഈ ഗാനം എഴുതിയതിന്റെ പിന്നിൽ. ഏഷ്യൻ ക്രിസ്ത്യൻ അക്കാദമി ജീമംഗലം എന്ന സ്ഥലത്താണ്. അവിടെയുള്ള വലിയ പ്രമാണിയും സമ്പന്നനുമായിരുന്നു പാപ്പിറെഡി. ബസ്സുകളും, ട്രാക്ടറുകളും കാറും, ബാങ്കിൽ വൻനിക്ഷേപങ്ങളും ഒക്കെയുള്ള വ്യക്തിയുമായിരുന്നു. ഒരു ദിവസം അടുത്തുള്ള പട്ടണത്തിൽ മകളുടെ അടുക്കൽ പോയി രാത്രിയിൽ മടങ്ങിവന്ന് ബസിൽ നിന്നിറങ്ങുമ്പോൾ വീഴുകയും ബസ്സിന്റെ ചക്രങ്ങൾ കയറി അയാൾ പെട്ടെന്ന് മരിച്ചു.

ആ രാത്രിയിൽ തന്നെ പോലീസും ഡോക്ടർമാരും ബസ് ജീവനക്കാരും ചേർന്ന് അനാഥപ്രേതം എന്നപോലെ ശവം അടക്കി. മൂന്നുദിവസം കഴിഞ്ഞാണ് വിവരം വീട്ടിൽ പോലും അറിയുന്നത്. പണവും സ്വാധീനവും പ്രതാപവുമെല്ലാം മരണത്തിന്റെ മുമ്പിൽ ഏതുമല്ലാതായി. ആ ഭവനവുമായി ആത്മാർത്ഥ സ്നേഹത്തിലായിരുന്ന ജോയി ജോണിന് വളരെ ദുഃഖമായി ഈ സംഭവം. ജീവിതത്തിന്റെ ക്ഷണികമായ അവസ്ഥയെ ഓർത്തപ്പോൾ, വെള്ളത്തിൽ കുമിള പോലെയും രാവിലെ വിരിയുന്ന പൂവുപോലെയുമാണ് ജീവിതം എന്ന് ഓർത്ത് എഴുതിയ ഗാനമാണിത്. നമുക്കും ഓർത്തിരിക്കാം ജീവിതം ക്ഷണികമാണ് വെറുമൊരു നീർക്കുമിളപോലെ മാത്രമാണ്. “ഓ കാൽവറി” എന്ന പ്രസിദ്ധമായ ഗാനവും ഇദ്ദേഹം രചിച്ചതാണ്.

## ബൈബിൾ ക്വിസ് – മെയ് 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

സെഖര്യാവ് 1–10

1. മതിലില്ലാതെ തുറന്നു കിടക്കും എന്നു പറഞ്ഞിരിക്കുന്ന പട്ടണം ഏത്?
2. തലയിൽ വെടിപ്പുള്ള മുടിവെയ്ക്കപ്പെട്ട വ്യക്തി ആര്?
3. പാറിപ്പോകുന്നത് ആര്?
4. യെഹോസാദാക്കിന്റെ മകന്റെ പേരെന്ത്?
5. നല്ല വാക്കും ആശ്വാസകരമായ വാക്കും അരുളിച്ചെയ്തത് ആരോട്?
6. കുടത്തിന്മേൽ എത്ര വിളക്കുണ്ടായിരുന്നു?
7. കരഞ്ഞുംകൊണ്ട് ഉപവസിക്കണമോ എന്ന് ചോദിച്ചതാര്?
8. ഓരോരുത്തൻ കയ്യിൽ വടിപിടിക്കുന്നത് എന്തുകൊണ്ട്?
9. തനിക്ക് ഒരു കോട്ട പണിതത് ആര്?
10. കോട്ടയിലേക്ക് മടങ്ങിവരുവാൻ ആഹ്വാനം ചെയ്തിരിക്കുന്നത് ആരോട്?

**2017 ഏപ്രിൽ മാസത്തിലെ ശരി ഉത്തരങ്ങൾ**

ക്ഷണിച്ചവരെ (സെഫെ 1:7), യെഹോസാദാക്ക് (ഹഗ്ഗാ. 1:1, 2, 3), ഗസ്സ (സെഫ. 2:4), വറുതി (ഹഗ്ഗാ 1:11), പ്രവാചകന്മാരെ (സെഫ 3:4), സെരുബ്ബാബേലിനെ (ഹഗ്ഗാ 2:23), തസടതസടനാദം (സെഫ 1:10), ആലയം, ഉമ്മരപ്പടി (ഹഗ്ഗാ. 1:3,4; 1:9), യിസ്രായേലിനോട് (സെഫ 3:14), ആലയത്തെ (ഹഗ്ഗാ 2:17)

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Tony K. Roy, Kalayil House, Makkamkunnu P.O, Pathanamthitta.

*രണ്ടാം സമ്മാനം:* Vineeth Chandran, Mangalathu House, Kurampala South, Pandalam

**ശരി ഉത്തരം അയച്ചവർ**: 1). Joshi Jacob, Aluvilayil House, Nambooripotti, Malappuram. 2). Riju Peter Kodumtharamalayil House, Mundamala P.O, Puramattom Pathanathitta. 3). Joice Jacob, IPC prayer Hall Thalippadam, Nambooripotty, Manmooly (via), Edakkara, Nilambur, Malappuram. 4). Vineeth Chandran, Mangalathu House, Kurampala South, Pandalam. 5). Beena Varghese, CGI,Thennathoor. 6). Dolly James, Kizhakkekkarayil House, Piravom. 7). Siji Sojan. 8). Elsy Vijayan, AG Church, Chentropenni. 9). Susan Cherian, Kandathil House, Kumbanad. 10). Reena S, Thoppil House, Thirupuram, Neyyattinkara. 11). Tony K. Roy, Kalayil House, Makkamkunnu P.O, Pathanamthitta. 12). Boby George, Mallakattu Houese, Manakkala, Adoor.

നിബന്ധനകൾ

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.


## വീടും സ്ഥലവും വില്പനയ്ക്ക്

തൃശൂർ ടൗണിൽ നിന്നും 10 കി.മീറ്റർ അകലെ 1 ഏക്കർ 20 സെന്റ് സ്ഥലവും 4 ബെഡ് റൂമുമുള്ള ഒറ്റനില വാർക്ക കെട്ടിടം വില്പനയ്ക്ക്. ഫോൺ 9947390636

ചാലക്കുടി പോട്ട ജംഗ്ഷനു സമീപം 6 സെന്റ് സ്ഥലവും വീടും വില്പനയ്ക്ക്. (സമൃദ്ധമായ കിണർ വെള്ളം). ഫോൺ 9645836091

## സ്ഥലം വില്പനയ്ക്ക്

തൃശൂർ ടൗണിനടുത്ത് വീട് വെയ്ക്കുവാനും കൃഷിക്കും അനുയോജ്യമായ ധാരാളം ജലലഭ്യതയുള്ള 85 സെന്റ് സ്ഥലം വില്പനയ്ക്ക്. മൊത്തമായും പ്ലോട്ടുകളായും വില്ക്കപ്പെടും. ഫോൺ 9847706022

*വായിക്കുക വരിക്കാരാകുക*


## യൂത്ത് കൺവൻഷൻ

സൗത്ത് ഫ്ളോറിഡ: ഐ.പി.സി. സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28–29 വരെ യൂത്ത് കൺവൻഷൻ സൺറൈസിൽ നടക്കും. വെള്ളിയാഴ്ച വൈകിട്ട് 7–ന് ആരംഭിക്കുന്ന കൺവെൻഷനിൽ പ്രശസ്ത യുവജന പ്രസംഗകൻ പാസ്റ്റർ റൂഫസ് മാത്യൂസ് വചനം പ്രസംഗിക്കും. 29 –ന് ശനിയാഴ്ച രാവിലെ 10–ന് യൂത്ത് ചലഞ്ച് നടക്കും. യൂത്ത് ഡയറക്ടർ സാം ജോർജ്ജ്, പി.വൈ.പി.എ. കോർഡിനേറ്റർമാരായ ജെയിൻ ജേക്കബ്, സാറാ വർഗീസ് എന്നിവർ നേതൃത്വം നൽകും. പാസ്റ്റർമാരായ കെ.സി. ജോൺ ഫ്ളോറിഡ, ജോൺ തോമസ് എന്നിവർ ഇവിടെ ശുശ്രൂഷിക്കുന്നു.

# സി.ബി.എസ്.ഇ. എക്സാം

**അന്നന്നുള്ള പാഠഭാഗങ്ങൾ അന്നന്നു തന്നെ പഠിക്കണം. ഫൈനൽ പരീക്ഷയ്ക്ക് മുഴുവൻ പാഠഭാഗങ്ങളും വരുന്നതിനാൽ വിദ്യാർത്ഥികളുടെ പഠനഭാരം വർദ്ധിച്ചിട്ടുണ്ട്. ദിവസേന പഠിച്ചാൽ പഠനഭാരം ലഘൂകരിക്കാം.**



ഡഗ്ലസ് ജോസഫ്

18,749 അഫിലിയേറ്റഡ് സ്കൂളുകളുള്ള ഇന്ത്യ കൂടാതെ ഇരുപതോളം രാജ്യങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിനു വിദ്യാർത്ഥികൾ പഠിക്കുന്ന സി.ബി.എസ്.ഇ 2017-2018 അധ്യയനവർഷം മുതൽ പരീക്ഷാ സമ്പ്രദായം ഉടച്ചുവാർക്കുവാൻ എടുത്ത തീരുമാനം വിദ്യാർത്ഥികളെയും, മാതാപിതാക്ക ന്മാരെയും അധ്യാപകരെയും ആശങ്കയുടെ മുൾമുനയിൽ നിർത്തി. 2009 മുതൽ നിലവിലിരുന്ന CCE (Continuous and Comprehensive Evaluation) എന്ന പരീക്ഷാസമ്പ്രദായം നിർത്തലാക്കുവാനും, അതിന്റെ സ്ഥാനത്ത് പുതിയ രീതി നിലവിൽ വരുന്നതുമാണ്.

ഇനി അൽപം ചരിത്രം. 2009 ൽ യു.പി.എ ഗവൺമെന്റ് ആണ് സി.സി.ഇ എന്ന പരീക്ഷാ സമ്പ്രദായം കൊണ്ടുവന്നത്. അന്ന് പത്താം ക്ലാസ് പരീക്ഷ ഒരു സംഭവം തന്നെയായിരുന്നു. റിസൾട്ട് വരുമ്പോൾ നിരവധി വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തിരുന്നു. പത്താം ക്ലാസ് ജീവിതത്തിലെ ഒരു വഴിത്തിരിവ് ആയിരുന്നു. വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഒരു ജീവൻമരണപോരാട്ടം ആയിരുന്നു പത്താം ക്ലാസ് പരീക്ഷ. വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും മനഃശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ഗവൺമെന്റ് പത്താം ക്ലാസിലെ ഫൈനൽ പരീക്ഷയുടെ പ്രാധാന്യം ഇല്ലാതാക്കിക്കൊണ്ട് സി.സി.ഇ സമ്പ്രദായം കൊണ്ടുവന്നു. ഒരു വർഷത്തെ പാഠഭാഗങ്ങൾ മൊത്തം പഠിച്ച് ഫൈനൽ പരീക്ഷ എഴുതുന്ന രീതി മാറ്റി, പകരം F.A, S.A (ഫോർമേറ്റീവ് അസ്സസ്മെന്റ്, സമ്മേറ്റീവ് അസ്സസ്മെന്റ്) എന്നിങ്ങനെ ചെറുതും വലുതുമായ പരീക്ഷകൾ നടത്തി കുട്ടികളുടെ പഠനഭാരവും, പരീക്ഷാഭീതിയും ഇല്ലാതാക്കുന്നതായിരുന്നു സി.സി.ഇ. കൂടാതെ പ്രൊജക്ട് വർക്കുകളിലൂടെ കുട്ടികൾക്ക് ധാരാളം മാർക്ക് ലഭ്യമായിരുന്നതിനാൽ ഫൈനൽ പരീക്ഷ ഒരു പ്രശ്നമേ അല്ലായിരുന്നു. ഇപ്പോൾ സി.ബി.എസ്.ഇ പ്രഖ്യാപിച്ചിരിക്കുന്ന പുതിയ സമ്പ്രദായം പഴയ കാലഘട്ടത്തിലേക്കുള്ള ഒരു തിരിച്ചു പോക്കാണ്.

സി.സി.ഇ.യും പുതിയ പരീക്ഷാരീതിയും ചില വ്യത്യാസങ്ങൾ

2018 മാർച്ച് മാസം നടക്കുന്ന പത്താം ക്ലാസ് പരീക്ഷ 80 മാർക്കിൽ ആയിരിക്കും. ഒരു വർഷത്തെ മുഴുവൻ പാഠഭാഗങ്ങളും വിദ്യാർത്ഥികൾ പഠിക്കണം. പഴയ ഇളഇ രീതിയിൽ പത്താം ക്ലാസ് ഫൈനൽ പരീ ക്ഷയുടെ വെയിറ്റേജ് വെറും 30% മാത്രമായിരുന്നു. അതായത് 70% മാർക്കും, ഫൈനൽ പരീക്ഷയ്ക്കു മുമ്പ് സ്കൂളിൽ നടക്കുന്ന ഇന്റേണൽ പരീക്ഷ, പ്രൊജക്ട് വർക്ക് എന്നിവയിലൂടെ നേടാമായിരുന്നു. പുതിയ രീതിയിൽ വെറും 20% മാർക്ക് മാത്രമാണ് സ്കൂളിലെ ഇന്റേണൽ പരീക്ഷ, പ്രൊജക്ട് എന്നിവയിലൂടെ ലഭിക്കുക. പഴയ രീതിയിൽ SA1, SA 2 എന്നിങ്ങനെ ഒരു വർഷത്തെ പാഠഭാഗങ്ങൾ പകുതി വീതം പഠിച്ച് രണ്ടു പരീക്ഷകളിലായി മാർക്ക് നേടാമായിരുന്നു. വർഷത്തിൽ രണ്ടു പരീക്ഷകൾ ഉണ്ടായിരുന്നതിനാൽ കുറച്ച് പാഠഭാഗങ്ങൾ പഠിച്ചാൽ മതിയായിരുന്നു. ഇനി ഫൈനൽ പരീക്ഷയ്ക്ക് ഒരു വർഷത്തെ മുഴുവൻ സിലബസും പഠിക്കണം. കുട്ടികളുടെ പഠനഭാരം കൂടും എന്നതിൽ സംശയമില്ല.

പഴയ രീതിയിൽ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സിൽ ബോർഡ് എക്സാമോ, അല്ലെങ്കിൽ സ്കൂളിൽ നടത്തുന്ന പരീക്ഷയോ എഴുതാമായിരുന്നു. പരീക്ഷാ ഭീതി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരനുഗ്രഹമായിരുന്നു സ്കൂളിൽ നടത്തുന്ന പരീക്ഷ. പുതിയ രീതിയിൽ ഇനി മുതൽ പത്താം ക്ലാസ് ഫൈനൽ പരീക്ഷയ്ക്ക് സ്കൂൾ നടത്തുന്ന പരീക്ഷ ഉണ്ടാകില്ല. എല്ലാ വിദ്യാർത്ഥികളും ബോർഡ് പരീക്ഷ എഴുതണം.

പഴയ സമ്പ്രദായത്തിൽ ഉണ്ടായിരുന്ന എഅ (4 പരീക്ഷകൾ) ടഅ (2 പരീക്ഷകൾ) എന്നിവ ഇനി ഉണ്ടാവില്ല. ജൂൺ, ഒക്ടോബർ, ജനുവരി എന്നിങ്ങനെ മൂന്നുതവണയായി നടക്കുന്ന ഇന്റേണൽ പരീക്ഷകളും മാർച്ചിൽ നടക്കുന്ന ഫൈനൽ ബോർഡ് പരീക്ഷയുമാണ് ഉണ്ടാവുക.

**പുതിയ പരീക്ഷാസമ്പ്രദായങ്ങൾ – നേട്ടങ്ങൾ**

2009 ൽ CCE സമ്പ്രദായം ആരംഭിച്ചതു മുതൽ പത്താം ക്ലാസിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ, പ്ലസ്ടു പരീക്ഷയ്ക്ക് പരാജയപ്പെടുന്ന അവസ്ഥയുമുണ്ടായി. ഫൈനൽ പരീക്ഷയ്ക്കു മുൻപു തന്നെ 70% മാർക്ക് ബോർഡിന്റെ പേരിൽ സ്കൂളിൽ നടക്കുന്ന പരീക്ഷയിലൂടെയും പ്രോജക്റ്റ് മാർക്കിലൂടെയും വിദ്യാർത്ഥികൾ നേടുന്നതിനാൽ, ഉന്നത വിജയം എളുപ്പമായിരുന്നു. സബ്ജറ്റിൽ വേണ്ടത്ര ഗ്രാഹ്യം ഇല്ലാത്ത വിദ്യാർത്ഥികൾക്കും ഉയർന്ന മാർക്ക് ലഭിച്ചിരുന്നു. വിദ്യാർത്ഥികളുടെ വിവിധ വിഷയങ്ങളിലുള്ള അറിവ്, അടിസ്ഥാനം ഇവ, പത്താം ക്ലാസ് പരീക്ഷ പുനസ്ഥാപിക്കുന്നതിലൂടെ വീണ്ടെടുക്കാം എന്ന് സി.ബി.എസ്.ഇ കരുതുന്നു.

പുതിയ പരീക്ഷാസമ്പ്രദായത്തിൽ അപ്പർ പ്രൈമറി ക്ലാസ്സായ 6 മുതൽ 10 വരെ ഇന്ത്യയിലും, വിദേശ രാജ്യങ്ങളിലുമുള്ള സി.ബി.എസ്.ഇ ഇനി മുതൽ ഏകീകൃത പരീക്ഷകളും, പ്രോഗ്രസ്സ് കാർഡുകളും ഉണ്ടാവും. പഴയ CCE രീതിയിൽ ഒൻപതു വരെയുള്ള ക്ലാസുകളിൽ വ്യത്യസ്ത പരീക്ഷകളും റിപ്പോർട്ട് കാർഡുകളു മാണ് സ്കൂളുകളിൽ ഉണ്ടായിരുന്നത്. ഇതുമൂലം ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേക്ക് മാറുന്ന വിദ്യാർത്ഥികൾ നിരവധി പ്രശ്നങ്ങൾ നേരിട്ടിരുന്നു. ഏകീകൃത പരീക്ഷയും പ്രോഗ്രസ് കാർഡും വരുന്നതോടെ ഇതിനു പരിഹാരമാകും.

**എങ്ങനെ തയ്യാറെടുക്കണം.**

ഫൈനൽ പരീക്ഷയ്ക്ക് ഒരു വർഷത്തെ മുഴുവൻ പാഠഭാഗങ്ങളും വരുന്നതിനാൽ, അധ്യയന വർഷ ത്തിന്റെ ആരംഭം മുതൽ പഠനം ആരംഭിക്കണം. പാഠഭാഗങ്ങൾ നന്നായി വായിക്കണം. കൂടുതൽ വിവരങ്ങൾ ഗൂഗിൾ സേർച്ചിലൂടെ ശേഖരിക്കണം. വെറും 5 മാർക്ക് മാത്രമാണ് പുതിയ രീതിയിൽ പ്രോജക്റ്റ് വർക്കിനുള്ളത്. അതിനാൽ ആക്റ്റിവിറ്റി, പ്രൊജക്റ്റ് എന്നിവയ്ക്കായി സമയം പാഴാക്കരുത്.

5 മാർക്ക് ഓരോ വിഷയത്തിനും, നോട്ട് ബുക്ക് എഴുതുന്നതിനുണ്ട്. വൃത്തിയായി നോട്ട്സുകൾ എഴുതാൻ ശ്രദ്ധിക്കണം.

അന്നന്നുള്ള പാഠഭാഗങ്ങൾ അന്നന്നു തന്നെ പഠിക്കണം. ഫൈനൽ പരീക്ഷയ്ക്ക് മുഴുവൻ പാഠഭാഗങ്ങളും വരുന്നതിനാൽ വിദ്യാർത്ഥികളുടെ പഠനഭാരം വർദ്ധിച്ചിട്ടുണ്ട്. ദിവസേന പഠിച്ചാൽ പഠനഭാരം ലഘൂകരിക്കാം.

ക്ലാസിൽ നന്നായി ശ്രദ്ധിക്കണം. പാഠഭാഗങ്ങൾ നന്നായി മനസ്സിലാക്കുന്നതിലൂടെ, ഏതുതരം ചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ സാധിക്കും.

ക്ലാസ് നടക്കുമ്പോഴും, വീട്ടിലിരുന്ന് പഠിക്കുമ്പോഴും, പ്രധാനപ്പെട്ട പോയിന്റുകൾ കുറിച്ചു വയ്ക്കണം. ഇത് പഠിച്ച കാര്യങ്ങൾ മറക്കാതെ നന്നായി പരീക്ഷ എഴുതാൻ സഹായിക്കും.


*Every good gift and every perfect gift is from above, coming down from the Father of lights*

Since : 1988
GRACE Visual media



Wedding Photography & Video Graphy
Direction: HEBRON DAVID (sabu)
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com
09447255475, 09447370979

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc....,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...


LANDWAY HEALTH TIPS

# കുഞ്ഞുങ്ങളിലെ ചെവിക്കായം ആശങ്കപ്പെടേണ്ടതുണ്ടോ?

കുഞ്ഞുങ്ങളിലെ ചെവിക്കായം സംബന്ധിച്ച് മനസ്സിലാക്കിയിരിക്കേണ്ട ചില പ്രധാന കാര്യങ്ങൾ വേദനയോ ആരോഗ്യപ്രശ്നമോ ഉണ്ടാകുന്നില്ല എങ്കിൽ കുഞ്ഞുങ്ങളിലെ ചെവിക്കായം ഒരു അസുഖമായി കാണേണ്ടതില്ല. കർണനാളം പുറന്തള്ളുന്ന മെഴുക്ക് പോലുള്ള പദാർത്ഥമാണ് ചെവിക്കായം. ചെവിയുടെ ആരോഗ്യത്തെ ബാധിച്ചേക്കാവുന്ന ബാഹ്യഘടകങ്ങളിൽ നിന്നും ചെവിയെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ ചെവിക്കായം ഉത്പാദിപ്പിക്കുന്നത്. ഈ മഞ്ഞ പദാർത്ഥം കർണനാളത്തിന്റെ ചർമ്മത്തെ സംരക്ഷിക്കും. കർണനാളത്തിന് മിനുക്കം നൽകി വൃത്തിയായി സൂക്ഷിക്കാൻ ഇത് സഹായിക്കും. കുട്ടികളുടെ ചെവിക്കായം നീക്കം ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് എന്താണ് സാധാരണ അവസ്ഥ എന്താണ് അസാധാരണമായത് എന്ന് മനസ്സിലാക്കണം. ഇതിന് എപ്പോഴും ഒരു ഡോക്ടറുടെ നിർദ്ദേശം തേടുന്നതായിരിക്കും ഉചിതം. കുഞ്ഞുങ്ങളിലെ ചെവിക്കായം സംബന്ധിച്ച് മനസ്സിലാക്കിയിരിക്കേണ്ട ചില പ്രധാന കാര്യങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം.

ചെവിക്കായം എപ്പോഴാണ് പ്രശ്നമാകുന്നത്? ചെവിക്കായം വളരെ വേഗത്തിൽ അമിതമായി ഉണ്ടാകുമ്പോഴാണ് ആരോഗ്യത്തെ ബാധിക്കുന്നത്. ചെവിയുടെ രോഗലക്ഷണമായി ഇത് കണക്കാക്കാം. കുട്ടികൾ ചെവി കേൾക്കുന്നില്ല, ചെവി വേദനിയ്ക്കുന്നു, ചൊറിയുന്നു എന്നിങ്ങനെയുള്ള പരാതികൾ പറയുമ്പോൾ ശ്രദ്ധിക്കുക. കുട്ടികളുടെ ചെവി ചെവിക്കായം വന്ന് അടഞ്ഞിരിക്കാൻ സാധ്യത ഉണ്ട്. ചെവി എങ്ങനെ വൃത്തിയാക്കാം കുട്ടികളുടെ ചെവിയിൽ എന്തെങ്കിലും ഇട്ട് കുത്തി ചെവിക്കായം കളയാൻ ശ്രമിക്കരുത്.

കുട്ടി സഹകരിക്കുന്നില്ലയെങ്കിൽ ഇയർഡ്രമ്മിന് തകരാർ സംഭവിക്കാൻ ഇത് കാരണമാകും. ചെവിക്കായം ഒഴുകിവരാൻ സഹായിക്കുന്ന തുള്ളിമരുന്നുകൾ ലഭ്യമാകും. ഡോക്ടറുടെ നിർദ്ദേശത്തോടെ ഇത് വാങ്ങി ഉപയോഗിക്കുക. പ്രശ്നമുള്ള ചെവി മുകളിലേക്ക് വരത്തക്ക വിധം കുട്ടിയെ ചെരിച്ച് കിടത്തിയിട്ട് മരുന്ന് ഒഴിക്കുക.

വൈദ്യസഹായം തേടേണ്ടത് എപ്പോൾ? കുഞ്ഞുങ്ങളുടെ ചെവി കൊണ്ട് ഒരു പരീക്ഷണത്തിന് നിൽക്കരുത്. ഡോക്ടറുടെ നിർദ്ദേശം തേടുക, ചികിത്സയുടെ ആദ്യ പടിയെന്നിലയിൽ മരുന്നു നൽകും. അതുകൊണ്ടും ഭേദമായില്ലെങ്കിൽ ചെവിക്കായം നീക്കം ചെയ്യാനുള്ള മറ്റ് മാർഗ്ഗങ്ങൾ ഡോക്ടർ സ്വീകരിക്കും. ചെവിക്കായം വലിച്ചെടുക്കുക, വെള്ളം ഒഴിച്ച് വൃത്തിയാക്കുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. ഇത് കുട്ടികൾക്ക് അൽപം വേദനയും അസ്വസ്ഥതയും ഉണ്ടാക്കുമെങ്കിലും ഫലപ്രദമായിരിക്കും.

**വീട്ടു മരുന്നുകൾ പരീക്ഷിക്കാമോ?**

ചെവിക്കായത്തിന് വീട്ടുമരുന്നുകൾ പരീക്ഷിക്കുക പതിവാണ്. സുരക്ഷിതമല്ലാത്ത പല മാർഗ്ഗങ്ങളും ഇതിനായി ഉപയോഗിക്കാറുണ്ട്. ഇത്തരം പരീക്ഷണങ്ങൾ കഴിവതും ഒഴിവാക്കുക, ഇത് ഇയർഡ്രം തകരാറിലാവുന്നതിനും അണുബാധ ഉണ്ടാകുന്നതിനും കാരണമായേക്കും. കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതിലേക്കാവും ഇത് നയിക്കുക.

കുഞ്ഞുങ്ങളിൽ എങ്ങനെ ഇയർബഡ്സ് ഉപയോഗിക്കാം? ഇയർബഡ്സ് ഉപയോഗിച്ച് ചെവിയിൽ തോണ്ടുന്നത് മൂലം ഇയർഡ്രമ്മിന് തകരാർ ഉണ്ടായേക്കാം. മരുന്നുപയോഗിച്ച് ചെവിക്കായത്തിന് അയവ് വരുത്തിയതിന് ശേഷം മാത്രം ഇയർബഡ് ഉപയോഗിക്കുക. ചെവിക്കായം എളുപ്പത്തിൽ നീക്കം ചെയ്യാൻ ഇത് സഹായിക്കും. കുഞ്ഞ് തല അനക്കില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം വളരെ ശ്രദ്ധയോടെ വേണം ഇത് ചെയ്യാൻ.

ചെവിക്കായം എങ്ങനെ പ്രതിരോധിക്കാം ചെവിക്കായം ഉണ്ടാകുന്നതിനെ കുറിച്ച് ഉത്കണ്ഠപ്പെടേണ്ട ഒരാവശ്യവും ഇല്ല, ഇത് വളരെ സാധാരണമാണ്. എന്നാൽ ചെവിക്കായം അമിതമായി ഉണ്ടാകുന്നത് തടയാൻ യാതൊരു മാർഗ്ഗങ്ങളും ഇല്ല എന്നതാണ് വാസ്തവം. ചെവി വൃത്തിയായി സൂക്ഷിച്ചാൽ അണുബാധ തടയാൻ കഴിയും. എന്നാൽ, ചെവിക്കായം ഉണ്ടാകുന്നത് തടയാനാകില്ല.

**LANDWAY NEWS**
Bringing You Closer to God — LANDWAY
PUBLISHED FROM PATHANAMTHITTA
VOLUME NO. 3, ISSUE NO.5 | PAGES 8 | PRICE: Rs. 10/-

10 MAY 2017

Olive Thottathil, Thumpamon P.O., Pandalam, Pathanamthitta Dist, Kerala State, India - 689502; Phone: +91-9447440441, Email: landwaynews@gmail.com WWW.LANDWAYNEWS.COM

RNI-KERBIL/2015/62054. Postal Registration No. KL/PTA/93/2015 - 2017. WPP License Number: KL/PTA/WPP/217/2015 - 2017. Posted at RMS, Thiruvalla, Posting Date: on 10/05/2017

# മ്യാൻമറിൽ നിന്ന് ആയിരക്കണക്കിന് വിശ്വാസികൾ പലായനം ചെയ്യുന്നു

നെയ്പിഡോ: മ്യാന്മറിൽ ആഭ്യന്തര കലാപം രൂക്ഷമായതിനെ തുടർന്നു പതിനായിരകണക്കിന് ക്രിസ്ത്യാനികൾ തങ്ങളുടെ വീടും സ്വത്തും ഉപേക്ഷിച്ച് പലായനം ചെയ്യുന്നതായി റിപ്പോർട്ട്. തുർക്കിയുടെ നാഷണൽ പബ്ലിക്ക് ബ്രോഡ്കാസ്റ്റർ ടിആർടി വേൾഡ് റിപ്പോർട്ട് പ്രകാരം മ്യാൻമറിൽ നിന്നുമുള്ള ഏതാണ്ട് ഒരു ലക്ഷത്തിലധികം ക്രൈസ്തവ വിശ്വാസികൾ പലായനം ചെയ്തു മലേഷ്യയിൽ അഭയാർത്ഥികളായി തുടരുന്നുണ്ടെന്നാണ് കണക്കുകൾ.

ഓങ് സാൻ സൂചി അധികാരത്തിലെത്തിയപ്പോൾ ആക്രമണം ഒരു പരിധി വരെ കുറയുമെന്നാണ് വിലയിരുത്തിയിരിന്നത്. എന്നാൽ തീവ്രബുദ്ധമത രാജ്യമായ മ്യാന്മറിൽ ആക്രമണം രൂക്ഷമാകുകയാണ് ചെയ്തത്. കാലങ്ങളായി നീണ്ടു നിൽക്കുന്ന ഈ ആഭ്യന്തര കലാപത്തിനു യാതൊരു കുറവും വരുത്തുവാൻ



ഭരണകൂടത്തിന് സാധിച്ചിട്ടില്ലായെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

മ്യാൻമറിലെ 5.69 കോടി ജനങ്ങളിൽ 88 ശതമാനവും ബുദ്ധമത വിശ്വാസികളാണ്. ആറ് ശതമാനം ക്രിസ്ത്യാനികളും നാല് ശതമാനം ഇസ്ലാം മതവിശ്വാസികളുമാണ് രാജ്യത്തുള്ളത്. തീവ്ര ബുദ്ധമത വിശ്വാസികളുടെ അതിക്രമങ്ങളും പീഢനങ്ങളും മ്യാൻമറിലെ ക്രൈസ്തവരേയും മുസ്ലിമുകളേയും ഇടതടവില്ലാതെ വേട്ടയാടിക്കൊണ്ടിരിക്കയാണ്. അടുത്തകാലത്തായി ന്യൂനപക്ഷങ്ങൾക്ക് നേരെ ആക്രമണം രൂക്ഷമായ സാഹചര്യത്തിൽ ക്രിസ്ത്യാനികളും മറ്റ് മതന്യൂനപക്ഷങ്ങളും മ്യാൻമറിൽ നിന്നും ജീവൻ രക്ഷിക്കുവാനായി പലായനം ചെയ്തു കൊണ്ടിരിക്കുകയാണെന്നും റിപ്പോർട്ടിൽ പറയുന്നു. സ്ത്രീകളെ മാനഭംഗപ്പെടുത്തുക, സാധാരണക്കാരെ കൊല്ലുക, ജനങ്ങളെ ഭവനരഹിതരാക്കുക തുടങ്ങിയ ഹീനപ്രവർത്തികൾ കലാപം അടിച്ചമർത്തുക എന്ന പേരിൽ സർക്കാർ സൈന്യം ചെയ്തുവരുന്നതായി ''ദി ക്രിസ്റ്റ്യൻ പോസ്റ്റ്'' റിപ്പോർട്ട് ചെയ്യുന്നു. മ്യാൻമറിലെ നിരാലംബരായ ക്രിസ്ത്യാനികൾ അടക്കമുള്ള മതന്യൂനപക്ഷങ്ങൾ നേരിടുന്ന ദുരിതങ്ങളിലേക്ക് അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധ പതിയേണ്ടത് അത്യാവശ്യമാണെന്നാണ് നിരീക്ഷകർ പറയുന്നത്.

## എംഡിവ് കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഇൻഡോർ: സോൾ വിന്നേഴ്സ് ഇൻഡ്യ ബെഥേൽ ബൈബിൾ സെമിനാരിയുടെ എം.ഡിവ് കോഴ്സിന്റെ ക്ലാസുകൾ ജൂൺ മാസം മുതൽ ആരംഭിക്കും. വിദൂര വിദ്യാഭ്യാസം ചെയ്യുവാൻ ആഗ്രഹിക്കുന്ന, സുവിശേഷ പ്രവർത്തകർ, ജോലികളിൽ ഏർപ്പെട്ടിരക്കുന്നവർ, റെഗുലർ കോഴ്സിൽ പങ്കെടുക്കുവാൻ കഴിയാത്തവർക്ക് പഠിക്കുവാനുള്ള സുവർണ്ണാവസരം ആണിത്. വളരെ തുശ്ചമായ വാർഷിക ഫീസോടെ രണ്ട് വർഷത്തെ കോഴ്സാണ് ക്രമീകരിച്ചിരിക്കുന്നത്. ഐഎറ്റിഎയുടെയും ബ്രണ്ടൻ യൂണിവേഴ്സ്റ്റിയുടെയും അംഗീകാരത്തിലാണ് കോഴ്സുകൾ നടത്തപ്പെടുന്നത്. 09497010138, 09873478488 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പാസ്റ്ററിനും കുടുംബത്തിന് എതിരെ വധഭീഷണി

പാലക്കാട്: ഐ.പി.സി പാലക്കാട് നോർത്ത് സെന്ററിൽപ്പെട്ട അട്ടപ്പാടി കള്ളമലയിൽ പ്രവർത്തിക്കുന്ന പാസ്റ്റർ വി. കെ. സോമനും കുടുംബത്തിനും എതിരെ വധഭീഷണി. 2017 ജനുവരി പുലർച്ചയിൽ ഒരു കത്ത് അടുക്കള വാതിക്കൽ കിടന്നു. അതിൽ എഴുതിയിരുന്നത് രണ്ടു മാസത്തിനകം സ്ഥലം വിട്ട് പോകണം അല്ലെങ്കിൽ ആദ്യം കാർ കത്തിക്കും പിന്നെ നിന്നെയും കത്തിക്കും എന്ന് മാസം തികഞ്ഞ് 28 -ാം തീയതി ഞാൻ ഉറങ്ങാതെ പ്രാർത്ഥനയിൽ 12 മണിവരെ ഇരുന്നു. അതിനു ശേഷം ഞാൻ എഴുന്നേറ്റു ജനലിന്റെ അടുത്തിരുന്നു. മുറ്റത്തേക്ക് നോക്കിയപ്പോൾ ഒരാൾ കാറിന്റെ അടിയിലേക്ക് എന്തോ ഇടാൻ ശ്രമിക്കുന്നു. ഞാൻ ഒച്ച ഉണ്ടാക്കിയപ്പോൾ ഓടി മറഞ്ഞു. ഉറങ്ങാതെ പ്രാർത്ഥിപ്പാൻ കഴിഞ്ഞതു വലിയ വിടുതലായി. രാത്രി തന്നെ പോലീസ് വന്നുവെങ്കിലും ആരെയും സംശയം പറഞ്ഞു കൊടുത്തില്ല. സുവിശേഷ യോഗം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ സുവിശേഷ യോഗത്തിനും വേണ്ടി ദൈവജനത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥന ചോദിക്കുന്നു.


നഴ്സിംഗ് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു



NARAYANA
Medical College & Super Speciality Hospital
(2480 Bedded Hospitals - NAAC 'A' Grade Accreditation)
● ലോകോത്തര നിലവാരം ● 143 ഏക്കർ ക്യാമ്പസ് ● മികച്ച ഹോസ്റ്റൽ
● അമേരിക്കൻ ഹെൽത്ത്കെയർ അഡ്വക്കേറ്റ് മുക്തകണ്ഠം പ്രശംസിച്ച സ്ഥാപനം ● സുലഭമായ ഭക്ഷണം ● 1200 കുട്ടികൾ
● Best Nursing College Award By World Wide Achievers
● റാഗിംഗ് ഇല്ല ● പെൺകുട്ടികൾ മാത്രം ● യൂണിവേഴ്സിറ്റി റാങ്കുകൾ
● ഇന്ത്യയിൽ തന്നെ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന കോളേജ്
● B.Sc(N) വാർഷിക ട്യൂഷൻ ഫീസ് Rs. 60,000/ – മാത്രം
കോഴ്സുകൾ:
● M.Sc(N), B.Sc(N), Post B.Sc(N), GNM
● Post Basic Diploma Course - 1 Year
(വിദേശങ്ങളിൽ പെട്ടെന്നു ജോലി ലഭിക്കാൻ)
100% Placement Guaranteed
വിശദവിവരങ്ങൾക്കും അഡ്മിഷനും
Charisma Educational Consultancy (Authorised Consultant For NNI)
Above Asianet Office
Nellitharayil Towers
Thattarambalam P.O
Mavelikara
Ph: 9497528425, 9526458089
Email:charismaeducon@gmail.com



Come Worship With Us!
PHILADELPHIA FELLOWSHIP CHURCH
LONDON, ONTARIO, CANADA
OUR VISION: CONNECTING WITH GOD AND CONNECTING WITH PEOPLE.
Our church helps new immigrants settle in the beautiful city of London, Canada.
We have services in English, Malayalam and Hindi



weekly programmes
Worship Service: 10:30 a.m. – 12:30 p.m.
Sunday School: 9:45 a.m. – 10:30 a.m.
Tuesday Prayer Meeting: 7:30 p.m.
Friday meeting: 7:30 p.m.
Youth Meeting:
Alternate Saturdays: 6:00 p.m.
PASTOR JOY PUNNOOSE
(519) 266-4671 or (226) 224-4500
Email: joypunnoose@usa.net
Web: www.philadelphiachurchlondon.com


## ലാൻഡ്‌വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയ്ക്കേണ്ട ലാൻഡ്‌വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.

*Office Address*
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്‌വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.